# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD(9)/1846/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/03/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD(9)/1846/21 തീയ്യതി: 26/03/2022

# പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2020 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത .എ അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരീഖ്.എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലിക്സി അലക്സ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഇല്ല്യാസ് | പ്രസിഡന്റ് | 01-04-2020 | 15-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-11-2020 | 18-12-2020 |
| ശ്രീമതി.ജസീന അക്കര | പ്രസിഡന്റ് | 19-12-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.എസ് | സെക്രട്ടറി | 01-04-2020 | 10-01-2021 |
| ശ്രീ.ജയൻ.വി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2021 | 10-02-2021 |
| ശ്രീ.അനിൽകുമാർ.എസ് | സെക്രട്ടറി | 11-02-2021 | 02-03-2021 |
| ശ്രീ.ജയൻ.വി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.ആതിര.ആർ കുമാർ | അസി.എൻജിനിയർ | 01-07-2020 | 12-10-2020 |
| ശ്രീ.റഷീദ് .ഇ | അസി.എൻജിനിയർ | 13-10-2020 | 10-01-2021 |
| ശ്രീമതി.ആതിര.ആർ കുമാർ | അസി.എൻജിനിയർ | 11-01-2021 | 31-03-2021 |
| ശ്രീമതി..ജസ്സി | കൃഷി ഓഫീസർ | 01-04-2020 | 07-08-2020 |
| ശ്രീമതി.നിത്യ.പി.ആർ | കൃഷി ഓഫീസർ | 08-08-2020 | 12-10-2020 |
| ശ്രീ.ശ്രീജിത്ത് കുമാർ | കൃഷി ഓഫീസർ | 13-10-2020 | 27-02-2021 |
| ശ്രീമതി.ശന്തി എലിസബത്ത് കുര്യൻ | കൃഷി ഓഫീസർ | 28-02-2021 | 31-03-2021 |
| ശ്രീ.ഗോപാലകൃഷ്ണൻ എം.എ | വെറ്റിനറി സർജ്ജൻ | 01-04-2020 | 22-02-2021 |
| ഡോ.മിഥിൻ യു.സി | വെറ്റിനറി സർജ്ജൻ | 23-02-2021 | 31-03-2021 |
| ശ്രീമതി.വസന്തകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത.എ.എസ് | വി.ഇ.ഒ | 01-04-2020 | 23-09-2020 |
| ശ്രീമതി ആഷാ.എം.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.അബ്ദു കല്ലടി | MO(PHC) | 01-04-2020 | 31-03-2021 |
| ഡോ.ജോഷ്ന .ടി.പി | MO (ISM ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.നസ്രീൻ | MO(HOMEO) | 01-04-2020 | 27-01-2021 |
| ഡോ.ശ്രീരാജ് | MO(HOMEO) | 28-01-2021 | 31-03-2021 |
| ശ്രീമതി.ഷമീന.ജെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.വിജയലക്ഷമി.പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 10-11-2020 | 31-03-2021 |
| ശ്രീ.ജയകുമാർ .ആർ.ജി | ഡി.ഇ.ഒ | 01-04-2020 | 31-03-2021 |

ഡോ

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A. Sujatha (Asst. Audit Officer, On 21-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-03-2022) | 1-1 |
| 2 | ബഡ്ജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: A. Sujatha (Asst. Audit Officer, On 19-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-03-2022) | 1-1-1 |
| 3 | പദ്ധതിയേതര നിർദ്ദേശങ്ങൾ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 26-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-2 |
| 5 | വാർഷിക കണക്ക് -അപാകതകൾ<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 09-03-2022) | 1-2-1 |
| 6 | മറ്റ് സ്ഥാപനങ്ങളുടെ ചെലവഴിക്കാത്ത ഫണ്ടുകൾ തിരികെ നൽകണം<br>Written By: Lixy Alex (Auditor, On 28-02-2022)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-2-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Lixy Alex (Auditor, On 26-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-4 |
| 9 | സർക്കാർ ഗ്രാന്റ് -0.51 കോടി ലാപ്സാക്കി<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-5 |
| 11 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-5-1 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-6 |
| 13 | തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: T.K.Nasseer (Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-6-1 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 21-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-7 |
| 15 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Nasseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറ വിവരം<br>Written By: A. Sujatha (Asst. Audit Officer, On 28-02-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 28-02-2022) | 1-10 |

| | | |
|---|---|---|
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ് വിവരം<br>Written By: T.K.Nasseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-10 |
| 19 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-11-0 |
| 20 | ജീവനക്കാരുടെ അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-11-1 |
| 21 | റേഷൻകടകൾ,ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ-സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-11-2 |
| 22 | കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-11-3 |
| 23 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-12-0 |
| 24 | ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം ചേർക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-12-1 |
| 25 | പഞ്ചായത്ത് പരിധിലെ റേഷൻഡിപ്പോകൾ, ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-12-2 |
| 26 | പാലിന് സബ്സിഡി -ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-13 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-14 |
| 28 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-15 |
| 29 | 'സൗരോർജ്ജ ശീതികരണ പദ്ധതി' - പദ്ധതി നടപ്പിലാക്കിയതിൽ അപാകതകൾ<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-16 |
| 30 | ഫർണിച്ചർ വിതരണം-ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-17 |
| 31 | അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പരിശോധന നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-12-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 11-03-2022) | |
| 32 | മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 16731- രൂപ ഈടാക്കിയിട്ടില്ല-<br>Written By: M.S.Tharick (Senior Grade Auditor, On 31-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-19 |
| 33 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 11-03-2022) | 1-20-0 |
| 34 | മിനി മാസ്റ്റ് ലൈറ്റ്-ഇ-ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങി<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-20-1 |
| 35 | KEL മുഖാന്തിരം ഉയർന്ന നിരക്കിൽ മിനി മാസ്റ്റ് സ്ഥാപിച്ചു.<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-20-2 |
| 36 | പ്രിന്റിംഗ്- തുക അനുവദിക്കുമ്പോൾ ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-21 |
| 37 | വീട് പുനരുദ്ധാരണം-ആവശ്യമായ ധനസഹായം വകയിരുത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-22 |
| 38 | തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 22-03-2022) | 1-23 |
| 39 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: T.K.Nasseer (Audit Officer, On 31-12-2021) | 1-24 |
| 40 | കോവിഡ്-19 -പ്രവർത്തനങ്ങളുടെ അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 1-25 |
| 41 | റീക്കുപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുകകൾ റീക്കുപ്പ് ചെയ്യേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-26 |
| 42 | തെരുവ് വിളക്കുകളുടെ റിപ്പയർ -പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-27 |
| 43 | 40 അംഗൻവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമായിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-28 |
| 44 | കട്ടിൽ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്നും ടി ഡി എസ് കുറവ് ചെയ്തില്ല<br>Written By: M.S.Tharick (Senior Grade Auditor, On 31-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-29 |
| 45 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 1-30 |
| 46 | മാലിന്യ സംസ്കരണം-MCF കെട്ടിട നിർമ്മാണം -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-31 |
| 47 | കോതാളം ചോല (എസ്.സി) കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-32 |
| 48 | മരാമത്ത്- പ്രവർത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ | 1-33 |

| | | |
|---|---|---|
| | ഈടാക്കാതെ<br>Written By: T.K.Nasseer (Audit Officer, On 31-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | |
| 49 | പൂർത്തീകരിച്ച കുടിവെള്ള പദ്ധതി കൾ -ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 01-01-2022)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 1-34 |
| 50 | മരാമത്ത് -പൊളിച്ചെടുത്തവ സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 01-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-35 |
| 51 | അംഗനവാടികളുടെ അറ്റകുറ്റപ്പണി-പ്രത്യേകം എസ്റ്റിമെറ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 01-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-36 |
| 52 | റോഡ് പ്രവർത്തികളിൽ കോൺക്രീറ്റിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്<br>Written By: T.K.Nasseer (Audit Officer, On 01-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-37 |
| 53 | PHC സബ്സെന്റർ ടസ്റ്റ് വർക്ക് -അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Nasseer (Audit Officer, On 02-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-38 |
| 54 | അരിയൂർ GLPS ടസ്റ്റ് വർക്ക് അധികനിരക്ക് അനുവദിച്ചു<br>Written By: T.K.Nasseer (Audit Officer, On 02-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-39 |
| 55 | സുഭിക്ഷകേരളം പദ്ധതി -മത്സ്യകൃഷി നടപ്പിലാക്കിയില്ല<br>Written By: T.K.Nasseer (Audit Officer, On 02-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-40 |
| 56 | ആസ്തി സംരക്ഷണ ഗ്രാന്റ് -മാർഗ്ഗരേഖ പാലിക്കണം<br>Written By: T.K.Nasseer (Audit Officer, On 02-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-41 |
| 57 | വാട്ടർ ടാങ്ക് വിതരണം- ജി എസ് ടി ഇല്ലാത്ത ബിൽ പ്രകാരം തുക അനുവദിച്ചു<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-42 |
| 58 | MGNREGS മെറ്റീരിയൽ പർച്ചേസ് -അപാകതകൾ<br>Written By: T.K.Nasseer (Audit Officer, On 02-01-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Nasseer (Audit Officer, On 28-02-2022)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Nasseer (Audit Officer, On 28-12-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 14-03-2022) | |
| 5 | സ്ഥിര നിക്ഷേപം<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: T.K.Nasseer (Audit Officer, On 28-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 14-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: T.K.Nasseer (Audit Officer, On 28-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-03-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ചിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 27.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം പാസാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 11975916 |
| തൻവർഷം വരവ് | 187472000 |
| ആകെ വരവ് | 199447916 |
| ചെലവ് | 197346070 |
| നീക്കിയിരിപ്പ് | 2101846 |

2020-21 വർഷത്തിലെ ബഡ്ജറ്റ് 20.2.21 തീയതിയിൽ പരിഷ്കരിച്ചിട്ടുണ്ട്.

### 1-1-1 ബഡ്ജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 45985715 | 11975916 |
| വരവ് | 112717707 | 187472000 |
| ആകെ | 158703422 | 199447916 |
| ചെലവ് | 120708868 | 197346070 |
| നീക്കിയിരിപ്പ് | 37994554 | 2101846 |

യാഥാർത്ഥ്യബോധത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 പദ്ധതിയേതര നിർദ്ദേശങ്ങൾ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച ചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും | ജനുവരി 22-ന് |

| | |
|---|---|
| ചർച്ചചെയ്യേണ്ടത് | മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് |

തൻ വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റ് ചർച്ച ചെയ്തതിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതിന്റേയും വിശദാംശങ്ങൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള നോൺ-പ്ലാൻ ചെലവ് നിർദ്ദേശങ്ങളും മറ്റ് ചെലവുകളും കമ്മിറ്റിയിൽ ചർച്ച ചെയ്തുവെന്നും 20-21 ലെ ബജറ്റ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നേരിട്ട് ശുപാർശകൾ സമർപ്പിക്കുന്നതിന് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻവർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 27-03-2020 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ തൻവർഷം പ്രസക്തമല്ലാത്ത വരവിനങ്ങളും ബജറ്റിൽ ഉൾപ്പെടുവാൻ ഇടയായിട്ടുണ്ട്. ഉദാ. പരസ്യ നികുതിയിനത്തിൽ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ വകുപ്പ് 173 ഉപവകുപ്പ് Vi പ്രകാരം 1-7-2017 മുതൽ പരസ്യ നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 റദ്ദാക്കിയിട്ടുണ്ട്. ആയതിനു ശേഷവും ഈ ഇനത്തിൽ വരവ് പ്രതീക്ഷിച്ചത് ബജറ്റ് തയ്യാറാക്കുന്നതിലെ അപാകമായി വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
4. പുതുക്കിയ ബജറ്റ് കൃത്യമായി പാസാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 28.5.2021 | - | - |

## 1-2-1 വാർഷിക കണക്ക് -അപാകതകൾ

വാർഷികധനകാര്യപത്രിക പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
1)അഡ്വാൻസ് രജിസ്റ്ററിൽ Temporary Advance For Official Purposes എന്നയിനത്തിൽ 90,018/- രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല.

2)Literacy Scheme Grant എന്നയിനത്തിൽ 8,347/- രൂപ ബാക്കി നീക്കിയിരുപ്പുണ്ട്.

3.)centrally Sponsored Schemes-grants, Funds & Contributions For Specific Purposes-central Government എന്നയിനത്തിൽ 88,705/- രൂപ ബാലൻസ് ആയി അവശേഷിക്കുന്നുണ്ട്.(ST Corpus Fund തുക- ചൂരിയോട് Drinking Water പദ്ധതിയിൽ ചെലവ് കഴിച്ച് അവശേഷിച്ച തുക).ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

4.)grants, Funds & Contributions For Specific Purposes - Other Government Agencies എന്നയിനത്തിൽ 3,360/- രൂപ നീക്കിയിരിപ്പുണ്ട്. (23-1-2019 ൽ ലഭിച്ച വിമുക്തി ഫണ്ടിൽ ബാക്കിയായ തുക).ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

5.)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ഹെഡ് പ്രകാരം തൊഴിൽ നികുതി - Institutions/Professionals/ Traders എന്നതിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല.

6.)വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റെകൺസിലിയേഷൻ പത്രികകൾ ഓരോ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
7.)ചെലവുപത്രികയിൽ ഉൾപ്പെടാത്ത ചെലവുകൾ 2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിശപ്പുരഹിതകേരളം-ജനകീയ ഹോട്ടൽ എന്ന പദ്ധതി (പ്രോജക്ട് നം.375/21) പ്രകാരം 1,31,995/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ സോഫ്റ്റ്‌വെയറിലെ ചെലവുപത്രികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത് 22,505/- രൂപ മാത്രമാണ്.
മേൽ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/17-12-2021) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-2 മറ്റ് സ്ഥാപനങ്ങളുടെ ചെലവഴിക്കാത്ത ഫണ്ടുകൾ തിരികെ നൽകണം

മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ ചെലവഴിക്കാത്തവ പഞ്ചായത്ത് വാർഷിക കണക്കിൽ ഉൾപ്പെടുന്ന ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.
1.)ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ (21 മാർച്ച് 2019) - വൗച്ചർ നം. 118010900125 - ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് തുകയിനത്തിൽ (Contributions For Other Specific Purposes - District Panchayat Share) ലഭിച്ച 70,000/- രൂപ തനതുഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

2.)beneficiary Contributions - 320800101 ഹെഡിൽ ബാലൻസ് തുകയായി 28,228/- രൂപ അവശേഷിച്ചിട്ടുണ്ട്(വെറ്ററിനറി സർജ്ജൻ ഗുണഭോക്താവിന് തിരിച്ചു നല്കേണ്ട തുക- പ്രൊ.175/21 പ്രകാരം)ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

3.)donations To Flood ഹെഡിൽ (ജീവനക്കാരിൽനിന്നും പിരിച്ചെടുത്തത് CMDRFലേക്ക് അടവാക്കാത്തത്) 18,392/- രൂപ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

4.)Recoveries Payable- COVID എന്ന ഹെഡിൽ 6,18,432/- രൂപ അവശേഷിക്കുന്നു. ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരിച്ചടവാക്കേണ്ടതാണ്.

5.)ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ Total Sanitation Campaign - ODF Share 98,373 രൂപ തനതുഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചടക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45985715 |
| വരവ് | 112717707 |
| ആകെ | 158703422 |
| ചെലവ് | 120708868 |
| നീക്കിയിരിപ്പ് | 37994554 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 22817183 | 22817183 | 21871608 | 945575 | 96% |
| പ്ലാൻ (SCP) | 0 | 8801378 | 8801378 | 7628014 | 1176364 | 87% |
| പ്ലാൻ (TSP) | 0 | 1334000 | 1334000 | 812378 | 521622 | 61% |
| CFC (BASIC ) | 0 | 9114526 | 9114526 | 9114526 | 0 | 100% |
| CFC (TIED) | 0 | 8740000 | 8740000 | 6234753 | 2505247 | 74% |
| റോഡ് (MG) | 0 | 14279000 | 14279000 | 14279000 | 0 | 100% |
| റോഡിതരം (MG) | 0 | 6358035 | 6358035 | 6358035 | 0 | 100% |

കേന്ദ്രാവിഷ്കൃതം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| ICDS | 2422101 | 2318721 | 4740822 | 2032000 | 2708822 |
| ശുചിത്വമിഷൻ(TSC ) | 461152 | 220000 | 681152 | 675000 | 1176364 |
| (ശുചിത്വ മിഷൻ)ഗ്രാന്റ് | 1186453 | 3554368 | 4740821 | 3017301 | 1723520 |

സംസ്ഥാനാവിഷ്കൃതം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി .ബി |
|---|---|---|---|---|---|
| ലൈഫ് പദ്ധതി | 0 | 1100000 | 1100000 | 1100000 | 0 |
| ജലനിധി | 705905 | 1592162 | 2298057 | 72 | 2297985 |

സ്രോതസ്സിൽ നിന്നും നേരിട്ട് കുറവ് ചെയ്ത തുകയുടെ വിവരം

1 അംഗനവാടി വർക്കർമാരുടെ അധിക ഹോണറേറിയം -17,52,000/-

2.KURDFC ലോൺ തിരിച്ചടവ് തുക -17,99,882/-

## 1-4-1 സർക്കാർ ഗ്രാന്റ് -0.51 കോടി ലാപ്സാക്കി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 22817183 | 22817183 | 21871608 | 945575 | 96% |
| പ്ലാൻ (SCP) | 0 | 8801378 | 8801378 | 7628014 | 1176364 | 87% |
| പ്ലാൻ (TSP) | 0 | 1334000 | 1334000 | 812378 | 521622 | 61% |
| CFC (BASIC ) | 0 | 9114526 | 9114526 | 9114526 | 0 | 100% |
| CFC (TIED) | 0 | 8740000 | 8740000 | 6234753 | 2505247 | 74% |
| റോഡ് (MG) | 0 | 14279000 | 14279000 | 14279000 | 0 | 100% |
| റോഡിതരം (MG) | 0 | 6358035 | 6358035 | 6358035 | 0 | 100% |
| ആകെ | 0 | 66444122 | 66444122 | 61295314 | 5148808 | 92% |

പൂർണ്ണ തോതിലുള്ള ഗ്രാന്റ് വിനിയോഗത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 443 | 143255087 | 389 | 107400865 | 0 | 54 | 75% |

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1 | 3917652 | 2446166 | 62% |
| വെറ്റിനറി സർജ്ജൻ | 6 | 6 | 0 | 7475000 | 3739000 | 50% |
| MO (PHC) | 10 | 9 | 1 | 4161200 | 3676375 | 88% |
| MO (HOMEO) | 3 | 3 | 0 | 560000 | 518325 | 93% |
| MO (ISM) | 2 | 2 | 0 | 1400000 | 1400000 | 100% |
| VEO | 15 | 5 | 0 | 22654964 | 13740256 | 66% |
| ICDS | 10 | 8 | 2 | 12114860 | 9478560 | 78% |
| സെക്രട്ടറി | 31 | 21 | 10 | 12536647 | 8222498 | 66% |
| അസി.എൻജിനിയർ | 336 | 303 | 33 | 68134614 | 58805371 | 86% |
| ഹെഡ് മാസ്റ്റർ | 7 | 4 | 3 | 3125000 | 2999966 | 96% |
| DEO | 3 | 2 | 1 | 1401883 | 860182 | 61% |
| അസി.സെക്രട്ടറി | 8 | 6 | 2 | 3067267 | 1514166 | 49% |
| ഫിഷറീസ് | 1 | 0 | 1 | 2706000 | 0 | 0% |
| ആകെ | 443 | 389 | 54 | 143255087 | 107400865 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9084 | 1350359 | 1359443 | 1341512 | 17931 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 32152462 | 32152462 | 32152462 | |
| | 9084 | 33493737 | 33502821 | 33493974 | 17931 |

1-6-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

| ക്രമ നം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5427 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5427 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2433 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 144439860 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 249 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 185 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 21 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 33502821 |
| 9 | തൻവർഷത്തെ ചെലവ് | 33493974 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1983 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1845 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 364 |
| 13 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 21 |
| 14 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | ഇല്ല |

20-21 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 21 പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 21 |
| കോഴിക്കൂട് | 0 |
| ആട്ടിൻകൂട് | 0 |
| തൊഴുത്ത് | 0 |
| കയർ ഭൂവസ്ത്രം | 0 |
| ആകെ | 21 |

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6897300 | 473 |
| 2 | വിധവാ പെൻഷൻ | 28002700 | 1783 |

| | | | |
|---|---|---|---|
| 3 | വാർദ്ധക്യകാല പെൻഷൻ | 35756300 | 2398 |
| 4 | വികലാംഗ പെൻഷൻ | 7527300 | 497 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1383500 | 87 |
| 6 | വിവാഹധനസഹായം | 840000 | 28 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59,822/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. നിലവിൽ ജീവനക്കാരുടെ തസ്തിക ഒഴിവ് നികത്തുന്നതിന്ന് ഭരണസമിതി ഇടപെടൽ അത്യാവശ്യമാണ്.
തൊഴിൽ നികുതി, ലൈസൻസ് മുതലായവയുടെ രേഖകളുടെ സൂക്ഷിപ്പ് ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുവാൻ ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
Government E-Marketplace (GeM) മുഖേന സാധനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ GeM രജിസ്ട്രേഷൻ എടുത്തിട്ടില്ല. GeM പോർട്ടലിൽ ലഭ്യമായ സാധനങ്ങൾ പല നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങുന്നത് മറ്റു രീതികൾ അവലംബിച്ചാണ്. ആയത് ഒഴിവാക്കേണ്ടതാണ്.
നികുതി കുടിശ്ശിക ഈടാക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഭരണസമിതിയുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. റോഡ് പ്രവർത്തികളിൽ വ്യാപകമായി കോൺക്രീറ്റ് ഉൾപ്പെടുത്തി ചെയ്യുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമായേക്കാം. പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണോദ്ധ്യോഗസ്ഥരുടെ പ്രവർത്തനത്തെ സാരമായി ബാധിക്കപ്പെടുന്നു. (ഉദാ-അസി.എൻജിനീയർക്ക് തൻവർഷം 336 പ്രൊജക്ടുകൾ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്). സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ ഒരുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/12/2021 | 08/2021 - 09/2021 | 09/12/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/08/2009- 18/08/2009 | 2004-05 - മുതൽ 2008-09 വരെ | 25/09/2009 |

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ് വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/12/2021 | 08/2021 - 09/2021 | 09/12/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/08/2009- 18/08/2009 | 2004-05 - മുതൽ 2008-09 വരെ | 25/09/2009 |

1-11-0 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. കോട്ടോപ്പാടം പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-11-1 ജീവനക്കാരുടെ അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കേണ്ടതാണ്

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, LRS , തിരുവിഴാംകുന്ന് എന്ന സ്ഥാപനത്തിലെ ലത്തീഫ് എന്നയാളുടെ 2ാം അർദ്ധവർഷവരുമാനം 70,200/- രൂപയാണ്. തൊഴിൽനികുതിയായി സ്ലാബ് അനുസൃതമായ തുക ഈടാക്കേണ്ടതിനു പകരം 450 രൂപയാണ് ടി വ്യക്തിയിൽനിന്നും ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നത്. കുറവായി ഈടാക്കിയത് സ്ലാബ് അനുസരിച്ചുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -6/20-12-2021).

1-11-2 റേഷൻകടകൾ,ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ-സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവയും ക്ഷീരോദ്പാദക സഹകരണസംഘങ്ങളായ ആര്യമ്പാവ്, കണ്ടമംഗലം, കച്ചേരിപറമ്പ്, മലേരിയം എന്നിവയുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ 1, 2 അർദ്ധവർഷതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -6/20-12-2021).

1-11-3 കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

2020-21 ലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കരാറുകാരാണ് പഞ്ചായത്തിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

. അബ്ദുൾ സലീം.എ

- അലവി.പി
- ജുനൈസ് അലി
- അബ്ദുൾ റസാക്ക്
- അബ്ദുൾ റഹിമാൻ
- മുഹമ്മദ് മക്സൂദ്
- അബ്ദുൾ സമദ്.എം
- പി.കുഞ്ഞലവി
- ബാവ.കെ
- ഹസൻ.കെ
- ഹംസ.എ
- മുഹമ്മദ് അഷ്റഫ്.യു
- റിയാസ് ബാബു
- ജംഷാദ്.കെ
- ജമാൽ.എം
- യൂസഫ്.പി
- നൗഷാദ്.കെ
- വീരാൻകുട്ടി
- അക്ബർ അഹമ്മദ്
- സൈതലവി.എം
- പ്രവീൺ.കെ.ആർ
- സഫ്വാൻ.എം
- നിഷാദ്.എം
- അബു.വി
- ബഷീർ.കെ
- എം.കെ.യാക്കുബ്
- അബ്ദുൾ നാസർ
- മുഹമ്മദ് ഫായിസ്.എ

ടി വ്യക്തികളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -6/20-12-2021).

1-12-0 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

പഞ്ചായത്തിൽ തൻ വർഷത്തിൽ 306 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു.

1-12-1 ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം ചേർക്കേണ്ടതാണ്

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കേണ്ടതാണ്.

| വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ്ജ് | 15000/- |

മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| ജയശങ്കർ.സി.പി | മണ്ണാർക്കാട് മെഡിക്കൽസ് | 13/425 | 500 |
| മുഹമ്മദ് ഹനീഫ | പി.ടി.ട്രേഡേഴ്സ് | 2/261 | 200 |
| ശശിധരൻ | പി.കെ.സ്റ്റോഴ്സ് | 16/150 | 200 |
| കെ.ടി.പരമേശ്വരൻ | ഫാക്റ്റ് അഗ്രോ സർവ്വീസ് സെന്റർ | 10/662,678 | 1000 |

ഓരോ സ്ഥാപനത്തിന്റേയും മൂലധനനിക്ഷേം ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല. ഓരോ വിഭാഗത്തിന്റേയും പരമാവധി ഫീസ് ആണ് പട്ടികയിൽ നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ കൃത്യമായ മൂലധന നിക്ഷേപം ചേർക്കുന്നുവെന്നും ആയതിനനുസരിച്ച് ഫീസ് ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം – 7/21-12-2021).

## 1-12-2 പഞ്ചായത്ത് പരിധിലെ റേഷൻഡിപ്പോകൾ, ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് - ആര്യമ്പാവ്, കണ്ടമംഗലം, കച്ചേരിപറമ്പ്, മലേരിയം. ടി സ്ഥാപനങ്ങളുടേയും, പഞ്ചായത്തിലെ 3

റേഷൻഡിപ്പോകളുടേയും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം – 7 /21-12-2021).

1-13 പാലിന് സബ്സിഡി -ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2020-2021 വർഷത്തിൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളിൽ 2020 ഏപ്രിൽ മുതൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് ഡിപ്പാർട്ടമെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | സബ്സിഡിയായി തുകനല്കിയ മാസങ്ങൾ |
|---|---|---|---|---|
| 14/21 | പാലിന് സബ്സിഡി | 570000 (വികസനഫണ്ട്-250000, ജില്ലാ പഞ്ചായത്ത് വിഹിതം-320000) | 528299 | 2020 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ 20 ദിവസം |
| 259/21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 331883 (വികസനഫണ്ട്-281643, ജില്ലാ പഞ്ചായത്ത് വിഹിതം-50240 | 331883 | 2020 ഏപ്രിൽ, മെയ്,ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ 20 ദിവസം |

വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (15/22-12-2021) മറുപടിയായി പദ്ധതിവിഹിതം പരിമിതമായതിനാലാണ് ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസത്തെ ആനുകൂല്യം മാത്രം നൽകാൻ ഇടയായതെന്നും വരും വർഷങ്ങളിൽ പദ്ധതിവിഹിതം അനുവദിക്കുന്നതിനനുസരിച്ച് പരമാവധി സഹായം ക്ഷീരകർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും തുടർവർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തുന്നതിലേയ്ക്ക് വർക്കിംഗ് ഗ്രൂപ്പ് മുഖേന ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ലെന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തി. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി – മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രൊജക്റ്റിന്റെ പേര്- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം. 18/21

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ )

അടങ്കൽ – 300000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ്: ബിൽ നം -1/2020 – തിയതി-21-7-2020 – 300000 രൂപ.

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രൊജക്റ്റിൽ തൻ വർഷം മരുന്നുകൾ ഒന്നും ലഭ്യമായതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16 -22-12-2021) മറുപടിയായി കോവിഡ് പ്രതിസന്ധി മൂലമാണ് മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടായതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തേണ്ടതാണ്

പ്രൊജക്റ്റ് നം. - 372/21

പ്രൊജക്റ്റിന്റെ പേര്- പി.എച്ച്.സി യിലേയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 500000 രൂപ (തനതുഫണ്ട് )

ചെലവ് - 499241 രൂപ

(ബിൽ നം. 177 – 236204 രൂപ – 3-8-2020,

ബിൽ നം. 243- 88192 രൂപ – 5-9-2020,

ബിൽ നം.- 503 -65136 രൂപ -6-3-2021,

ബിൽ നം. 514 -2441 രൂപ – 9-3-2021,

ബിൽ നം.131-7140 രൂപ -27-6-2020,

ബിൽ നം.163- 40378 രൂപ -29-7-2020,

ബിൽ നം.136-29000 രൂപ – 29-6-2020,

ബിൽ നം. 179 -30750 രൂപ)

പി.എച്ച്.സിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഈ പ്രൊജക്റ്റ് മുഖാന്തിരം താഴെപ്പറയും പ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | വാങ്ങിയ ഉത്പന്നം | ഉത്പന്നം വാങ്ങിച്ച സ്ഥാപനം | തുക |
|---|---|---|---|
| 1 | വാഷിംഗ് മെഷീൻ | കൊച്ചുകുടിയിൽ ഏജൻസീസ്, മണ്ണാർക്കാട് | 29000 |
| 2 | LED TV | കൊച്ചുകുടിയിൽ ഏജൻസീസ്, മണ്ണാർക്കാട് | 14800 |
| 3 | ഫോട്ടോ കോപ്പിയർ | കോർപ്പറേറ്റ് ബിസിനസ്സ് സൊല്യൂഷൻസ് , പാലക്കാട് | 83902 |
| 4 | UPS | KELTRON | 65136 |
| 5 | സ്ട്രച്ചർ, ട്രോളി | SIDCO | 80521 |
| 6 | UPS | KELTRON | 40424 |

| | | | |
|---|---|---|---|
| 7 | ഫയർ എക്സ്റ്റിംഗ്വിഷർ $CO_2$ -1 ,<br>4KG 4KG ABC ഫയർ എക്സ്റ്റിംഗ്വിഷർ –<br>8 എണ്ണം) | സുരക്ഷ ഫയർ & സെക്യൂരിറ്റി,ഇരുമ്പനം | 25578 |
| 8 | സർജ്ജിക്കൽ | സിവിൽ സപ്ലൈസ് | 2441 |
| 9 | സ്റ്റേഷനറി | പ്രൈം മെഡിക്കെയർ | 7140 |
| 10 | ഇൻവെർട്ടർ | ഐഡിയൽ ഇൻ വെർട്ടർസ് & ബാറ്ററീസ്,ഭീമനാട് | 50000 |
| 11 | ഇലക്ട്രിക്കൽ ഐറ്റംസ് | ഫാത്തിമ സ്റ്റോഴ്സ് | 31760 |
| 12 | കർട്ടൻസ് | രാഗം കർട്ടൻ | 12500 |
| 13 | സ്റ്റേഷനറി | MK ഡിസൈൻസ് | 7289 |
| 14 | ബാറ്ററി | ഓൺ സൈറ്റ് | 17250 |
| 15 | SKY നെറ്റ് വർക്ക് | ഒപ്റ്റിക്കൽ ഫൈബർ കേബിൾ,മോഡം, റീച്ചാർജ്ജ് | 13500 |
| 16 | ബിനോജ് | ഇൻസ്റ്റലേഷൻ | 18000 |

GO(P)2/2018/SPD/28.4.2018 പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് നിർബന്ധമായും GeM മുഖേന നടത്തിയിരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനിലോ, ആവശ്യകതയോ വളരെ പ്രത്യേകയുള്ളതാണെങ്കിലോ മാത്രം മറ്റു മാർഗ്ഗങ്ങൾ പ്രകാരം വാങ്ങാവുന്നതാണ്.

ആയത് പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/27-12-2021) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റുകളുടെ നിർവ്വഹണം ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടത്താൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 'സൗരോർജ്ജ ശീതികരണ പദ്ധതി' - പദ്ധതി നടപ്പിലാക്കിയതിൽ അപാകതകൾ

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 31/21- പേര് -സൗരോർജ്ജ ശീതികരണ പദ്ധതി | അടങ്കൽ/ഫണ്ടിനം | 1000000 (5000000 തനത് + 5000000 ബ്ലോക്ക് വിഹിതം ) |
| ചെലവ് | 999112/- | ബിൽ നം /തീ:<br>ചെക്ക് നം:/തീ : | 132/20-21 /17.6.20-206672<br>176/20-21 /3.8.20 -4940<br>283/20-21 /3.10.20-287500<br>481/20-21 /20.2.21-500000 |
| എഗ്രിമെൻറ് നം: | ലഭ്യമല്ല | കോൺട്രാക്ട് | KELTRON |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(PHC) | | |

' സൗരോർജ്ജ ശീതികരണ പദ്ധതി ' പ്രൊജക്ട് പ്രകാരം 10 KWP സൗരോർജ്ജ യൂണിറ്റ് , ഇൻവെർട്ടർ 4 എണ്ണം, എയർ കണ്ടീഷനർ (1.5 TON 3 STAR SPLIT A/C - 3 എണ്ണം ; 2 TON - 1 എണ്ണം ) 4 സ്റ്റെബിലൈസർ എന്നിവ പി.എച്ച്.സി യിൽ സ്ഥാപിക്കാനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്.

പദ്ധതി പ്രകാരം യഥാക്രമം 10KWP ശേഷിയുള്ള സോളാർ പ്ലാന്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനെയും, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിനെയും (കൊല്ലം) അംഗീകരിച്ചു കൊണ്ട് സ.ഉ (സാധാ)നം. 1384/2014/തസ്വഭവ തി. 03.06.2014 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനെർട്ട് /എം എൻ ആർ ഇ യുടെ പ്രത്യേക നിർദ്ദേശങ്ങൾ (സ്പെസിഫിക്കേഷൻ) പാലിച്ചു കൊണ്ടായിരിക്കണം സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. (ഖണ്ഡിക 7.5 GO (MS )11/2018/LSGD /29.1.2018 )

KELTRON ലിമിറ്റഡുമായി മേൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ഉടമ്പടി വെച്ചിട്ടില്ല.

പദ്ധതി KELTRON എന്ന സ്ഥാപനത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ ഉത്തരവിൽ അനെർട്ടിന്റെ സ്പെസിഫിക്കേഷൻ പാലിച്ചു കൊണ്ടായിരിക്കണം സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ് എങ്കിലും പ്രവൃത്തി പരിശോധിച്ച് അനെർട്ട് നൽകിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ജി ഒ (പി)നം. 524/2015/ധനം തി.17.11.15 പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമല്ലാത്ത സ്ഥാപനത്തെ ടെണ്ടർ കൂടാതെയാണ് തിരഞ്ഞെടുത്തത്. കാരണം വ്യക്തമാല്ല.

അക്ഷയ ഊർജ്ജോത്പാദക പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഗവ.സർക്കുലർ നം. ഡി എ 1/244/2017/തസ്വഭവ തി. 02.06.2017 പ്രകാരം ശൃംഗലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഒന്നു മുതൽ 10 വരെ കിലോവാട്ട് ശേഷിയുള്ളതിന് ബഞ്ച് മാർക്ക് വില 1,08,000 രൂപയാണ്. (ബാറ്ററി കപ്പാസിറ്റി 3600Wh/KW)ആയത് പരിഗണിക്കാതെയാണ് KELTRON ന് കരാർ നൽകിയിട്ടുള്ളത് .കാരണം വ്യക്തമല്ല.

സോളാർ പാനലിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരം പരിശോധിച്ചതിൽ എ എം സി ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

സോളാർ പാനലുകൾ സ്ഥാപിച്ചത് അനർട്ടിന്റ പൂർണ്ണ മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് നൽകേണ്ടിയിരുന്നതും പദ്ധതിയുടെ മോണിട്ടറിങ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

GO(P)2/2018/SPD/28.4.2018 പ്രകാരം GeM ൽ ലഭ്യമായിട്ടുള്ള 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന വാങ്ങാൻ നിർദ്ദേശമുണ്ടായിയിരിക്കെ 4 എ.സി യും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ടെൺണ്ടർ കൂടാതെ KELTON ൽ നിന്നാണ്.

മേൽ അപാകതകൾ പരാമർശിച്ചു കൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/27-12-2021) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാവിയിൽ സ്ഥാപനത്തിന്റെ ആവശ്യകത വിലയിരുത്തിയും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുമായിരിക്കണം നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടത്.

1-17 ഫർണിച്ചർ വിതരണം-ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല.

| | | |
|---|---|---|
| പ്രൊജക്ട് നം.221/20-21 (എസ് സി) | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം | അടങ്കൽ- 500000- |
| നിർവ്വഹണോദ്യോഗസ്ഥൻ- എച്ച് എം | ബിൽ നമ്പർ- 5/20-21,30-03-20-21 | ചെലവ്- 499966- |

മേൽ പദ്ധതിക്കായി താഴെപ്പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും 4,99,966/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോ മുഖേനയാണ് ഫർണിച്ചർവാങ്ങിയിട്ടുള്ളത്. ടാക്സ് ഒഴികെയുള്ള തുകയിൽ നിന്നുമാണ് ടി ഡി എസ് ഈടാക്കേണ്ടത്. താഴെപ്പറയുന്ന ബിൽ പ്രകാരം നൽകിയ തുകയിൽ നിന്നും ടി ഡി എസ് ഈടാക്കാതെ മുഴുവൻ തുകയും ആർട്ട്കോ അനുവദിച്ചിരിക്കുന്നു.

| അക്കൗണ്ട് നമ്പർ | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക |
|---|---|---|---|
| 2942201000280- | 499966- | 384/17-03-2021 | 179832- |
| | | 429/22-03-20-21 | 179832- |
| | | 365/12-03-21 | 140,302 |
| | | | 499966/- |
| ടാക്സ് ഒഴികെയുള്ള തുക | | | 409972.12 |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/27-12-2021) തുടർനടപടി സ്വീകരിച്ച് അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പേയ്മെന്റ് നടത്തുമ്പോൾ നിയമാനുസൃത ബിൽ തുകയിൽ നിന്നും നിയമാനുസൃതമായി ടി ഡി എസ് കുറവുചെയ്ത് ബാക്കി തുക മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പരിശോധന നടത്തുന്നില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ തൻ വർഷത്തിൽ 148 കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമം/ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം പെർമിറ്റ് കൂടാതെ നടക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാവും [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. 2020-21 വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം 2,47,051/- രൂപ റഗുലറൈസേഷൻ ഫീയിനത്തിൽ വരവുണ്ട്. ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ പഞ്ചായത്ത് പ്രദേശത്ത് മറ്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണം (26/27-12-21) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം- ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ പഞ്ചായത്ത് പ്രദേശത്ത് മറ്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട് എങ്കിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 16731- രൂപ ഈടാക്കിയിട്ടില്ല-

സഞ്ചയ സോഫ്റ്റ് വെയറിലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 14 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ ഉടമകൾ വർഷങ്ങളോളമായി നികുതി

അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം. | കെട്ടിട നമ്പർ | ടവറിന്റെ പേര് | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശികയുടെ വിവരം | കുടിശ്ശികയുടെ വർഷം |
|---|---|---|---|---|---|---|
| 1 | 12 | 96 | M/s റിയലൻസ്8458 കമ്മ്യൂണിക്കേഷൻ, എറണാംകുളം | 3233 | 3233 | 2020-21 (1&11 അർദ്ധവർഷങ്ങൾ) |
| 2 | 16 | 677 | കല്ലടി മുഹമ്മദ്,കല്ലടി വീട്. കോട്ടോപ്പാടം | 5040 | 5040 | 2020-21 (1&11 അർദ്ധവർഷങ്ങൾ) |
| 3 | 10 | 534 | മാനേജർ, (വയർലസ് ടി ടി എസ് എൽ പ്ലാസ, പാലാരിവട്ടം, കൊച്ചി | 8458 | 8458 | 2020-21 (1&11 അർദ്ധവർഷങ്ങൾ) |
| ആകെ കുടിശ്ശിക | | | | 16731- | | |

വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-20-0 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ

2020-21 വർഷത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ നിർവ്വഹിച്ചതിൽ അപാകതകൾ ഉള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-20-1 മിനി മാസ്റ്റ് ലൈറ്റ്-ഇ-ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങി

താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1)പ്രൊ.നം. 233/21-16ാം വാർഡിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-496000, ധനകാര്യകമ്മീഷൻ ഗ്രാന്റ്-3000, തനത് ഫണ്ട്-493000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 493000

| വൗച്ചർ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 22001449/26.3.21, ചെക്ക് നം.5193027/26.3.21 | 493000 | 0463/20.11.20-496000/- |

2)പ്രൊ.നം. 470/21-16ാം വാർഡിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ രണ്ടാംഘട്ടം

ആകെ അടങ്കൽ-250000, തനത് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 248000

| വൗച്ചർ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 22001448/26.3.21, ചെക്ക് നം.5193027/26.3.21 | 248000 | 0464/20.11.20-248000/- |

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. എന്ന സ്ഥാപനത്തിൽ നിന്നും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് 20.8.20 തീയതിയിൽ ഓഫർ ലെറ്റർ ലഭ്യമാക്കിയിട്ടുണ്ട്. ഓഫർ ലെറ്ററിൽ ഒരു പോളിൽ 5 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 1,24,000/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുള്ള ചെലവ് യഥാക്രമം 4,96,000/-, 2,48,000/- എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്ടിൽ 'KEL' എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എ2-66/2020(1) തീയതി 16.10.20 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 5,00,000/- രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.

ബി)ഈ പർച്ചേസ് നടത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതിയിലും ഇത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

സി)കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. എന്ന സ്ഥാപനത്തിന് നേരിട്ട് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുകയോ പ്രത്യേക നിരക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുമില്ല.

1)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 33 പ്രകാരം KEL എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള KEL എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി ശരിയല്ല.

2)സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KEL എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KEL ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ഡി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നടത്തിയിട്ടില്ല.

ഇ)ഓഫർ ലെറ്ററിൽ 5 എൽ ഇ ഡി വിളക്കുകളാണ് ഒരു പോസ്റ്റിൽ സ്ഥാപിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻവോയിസ് പ്രകാരം 4 എൽ ഇ ഡി വിളക്കുകളാണ് സ്ഥാപിച്ച് അതേ നിരക്ക് അനുവദിച്ചത്.

എഫ്)മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതായി കെ എസ് ഇ ബിയോ വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അംഗീകൃത ഏജൻസി ആയതിനാലാണ് വാർഡ് മെമ്പർമാരിൽനിന്നും കെ എസ് ഇ ബി യിൽനിന്നും സാക്ഷ്യപത്രങ്ങൾ വാങ്ങാതിരുന്നതെന്ന് അറിയിച്ചു.

ജി)മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിൽനിന്നും ഈടാക്കേണ്ട നികുതികൾ കുറവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിരിക്കുകയാണ്. ക്രമ നം. 1 പ്രകാരമുള്ള പദ്ധതിക്ക് 4,96,000/- രൂപ ചെലവ് വന്നിട്ടുണ്ടെങ്കിലും ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ടി ഡി എസ് ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/24/12/21) അംഗീകൃത ഏജൻസി എന്ന നിലയിലാണ് കെൽ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയതെന്നും പ്രൊജക്ടിൽ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും അറിയിച്ചു. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ ജി എസ് ടി-ടി ഡി എസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്വമേധയാ അടവാക്കുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് TDS ഈടാക്കാതെ മുഴുവൻ തുകയും അടവാക്കിയത് എന്നും മറുപടി ലഭ്യമാക്കി. മാർഗനിർദ്ദേശം പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3. 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20-2 KEL മുഖാന്തിരം ഉയർന്ന നിരക്കിൽ മിനി മാസ്റ്റ് സ്ഥാപിച്ചു.

2020-21 വർഷത്തിൽ പ്രൊജക്ട് നം.234/21 പ്രകാരം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം 2 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സുരേഷ് ബാബു, അദ്വൈദ് അസോസിയേറ്റ്സ് എന്നയാൾക്ക് കരാർ നൽകിയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനം സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റും അതേ സ്പെസിഫിക്കേഷനിലുള്ള KEL എന്ന സ്ഥാപനം സ്ഥാപിച്ച മിനി മാസ്റ്റും തമ്മിൽ ഒരെണ്ണത്തിന് 17,529/- രൂപയുടെ വിലവ്യത്യാസം ഉള്ളതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | സ്പെസി ഫിക്കേഷൻ | ഇൻവോയിസ് /തുക | എണ്ണം | ഒരെണ്ണത്തിന്റെ വില | അധിക നിരക്ക് | ആകെ അധികം ചെലവായ തുക |
|---|---|---|---|---|---|---|
| KEL | 8mtr Pole, | 0463/ | 4 | 124000 | 124000 | 17529*6= |

| | | | | | | |
|---|---|---|---|---|---|---|
| | 4LED 100W | 20.11.20 -496000/- | | | -106471= 17529 | 105174 |
| KEL | 8mtr Pole, 4LED 100W | 0464/ 20.11.20 -248000/- | 2 | 124000 | | |
| സുരേഷ് ബാബു, അദ്വൈത് അസോസി യേറ്റ്സ് | 8mtr Pole, 4LED 100W (സ്പെസി ഫിക്കേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി സാക്ഷ്യ പ്പെടുത്തി യിട്ടുണ്ട് | വർക്ക് ബിൽ പ്രകാരമാണ് തുക അനുവദി ച്ചിട്ടുള്ളത്. രണ്ട് മിനി മാസ്റ്റ് ലൈറ്റിന് സൂപ്പർവിഷൻ ഉൾപ്പെടെ 212942/- രൂപയാണ് വാല്വേഷൻ രേഖപ്പെടുത്തി യിട്ടുള്ളത് | 2 | 106471 | - | |

സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും ഒരേ തരത്തിലുള്ള സാധനങ്ങളും സേവനങ്ങളും ഒറ്റ പർച്ചേസായി നിർവ്വഹണം നടത്തേണ്ടതുമാണ്. മാർഗരേഖ പാലിക്കാതെ കുറഞ്ഞ അടങ്കൽ നിശ്ചയിച്ച് മൂന്ന് പദ്ധതികളായി നിർവ്വഹണം നടത്തിയതിനും മേൽപ്പറഞ്ഞ പ്രകാരം അധിക ചെലവുണ്ടായതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/24/12/21) പഞ്ചായത്ത് ഓഫീസിലെ ജോലി തിരക്കുകളും മതിയായ ജീവനക്കാരുടെ കുറവുമാണ് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. അധികചെലവ് ഉണ്ടായത് മൂലമുള്ള നഷ്ടം 1,05,174/- രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-21 പ്രിന്റിംഗ്- തുക അനുവദിക്കുമ്പോൾ ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണം, മോണിട്ടറിംഗ്, മറ്റ് പ്രിന്റിംഗ് ജോലികൾ എന്നിവയുടെ പ്രിന്റിംഗ് പ്രവർത്തികൾ 'എലൈറ്റ് പ്രിന്റേഴ്സ്', കോട്ടോപ്പാടം എന്ന സ്ഥാപനം മുഖേനയാണ് നടപ്പിലാക്കുന്നത്. ക്വട്ടേഷൻ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് അംഗീകരിച്ച് ഈ സ്ഥാപനത്തിന് റണ്ണിംഗ് കോൺട്രാക്ട് നൽകിയിരിക്കുകയാണ്. സ്ഥാപനം സമർപ്പിക്കുന്ന ബില്ലുകളിൽ ജി എസ് ടി ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ജി എസ് ടി ഈടാക്കാത്ത ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തുക | ഇൻവോയിസ് നം. | റിമാർക്സ് |
|---|---|---|---|
| 22000090/8.5.20 | 20850 | 1101/തീയതി ഇല്ല | കരട് പദ്ധതി രേഖ |
| 22000406/19.8.20 | 21060 | 1232/19.8.20 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്തതിന് |
| 22000484/11.9.20 | 16984 | 1242/8.9.20 | പ്രൊജക്ട് പ്രിന്റ് |

| | | | |
|---|---|---|---|
| | | 1241/8.9.20 | ചെയ്തത് -പ്ലാൻ മോണിട്ടറിംഗ് |
| 22000732/25.11.20 | 34514 | 1543/16.11.20 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്യതിന് |
| 22000803/18.12.20 | 30000 | 1541/17.12.20 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്യതിന് |
| 22001422/20.3.21 | 21860 | 1577/19.3.21 | ഗ്രാമസഭാ നോട്ടീസ് വികസനസെമിനാർ പ്രിന്റ് ചെയ്യത് |
| 22001423/20.3.21 | 27040 | 1579/19.3.21 | നികുതി പിരിവ് നോട്ടീസ് , ലെറ്റർഹെഡ്etc. |

ജി എസ് ടി ഇല്ലാത്ത ബില്ലുകൾക്ക് തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/24.12.21) ഈ സ്ഥാപനത്തിന്റെ വാർഷിക ടേണോവർ 20 ലക്ഷം രൂപയിൽ കുറവായതുകൊണ്ടാണ് ജി എസ് ടി ഈടാക്കാതിരുന്നതെന്ന് അറിയിച്ചു. സ്ഥാപനത്തിന് ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത പക്ഷം ബില്ലിൽ നിന്നും ബാധകമായ ജി എസ് ടി ഗ്രാമപഞ്ചായത്ത് കുറവ് ചെയ്ത് അടവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിച്ച് ബാധകമായ ജി എസ് ടി കുറവ് ചെയ്ത് അടവാക്കേണ്ടതാണ്.

## 1-22 വീട് പുനരുദ്ധാരണം-ആവശ്യമായ ധനസഹായം വകയിരുത്തിയിട്ടില്ല

| | | |
|---|---|---|
| പ്രൊജക്റ്റ്നം-25/20-21 | ഭവന പുനരുദ്ധാരണം | ചെലവ്-1400000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ-Veo | അടങ്കൽ-2200000- | ബിൽ നം:20210352016500964804/19-01-2021, 420000-<br>ചെക്ക് നം-5193007/25-03-21, തുക560000<br>ചെക്ക് നം-5193022/25-03-21, തുക 420000 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വീട് പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 1,00,000/- രൂപയും എസ് സി വിഭാഗത്തിന് 1,50,000/- അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 20,000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ ഭവനങ്ങൾ പൂർണ്ണമായും പുനരുദ്ധാരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിശ്ചയിച്ച തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയതുക നൽകുന്നതുവഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്താത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (37/28-12-2021) ലഭ്യമാക്കിയ മറുപടിയിൽ ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നറിയിച്ചിട്ടുണ്ട്.

1-23 തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ)മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വിവരം.

കുമരംപുത്തൂർ, അലനല്ലൂർ എന്നീ രണ്ട് സെക്ഷനുകളിലായാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. കുമരംപുത്തൂർ സെക്ഷന്റെ കീഴിലാണ് ഭൂരിഭാഗം തെരുവ് വിളക്കുകളും സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്.

ഗ്രാമപഞ്ചായത്തിൽ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത കുമരംപുത്തൂർ സെക്ഷനുകീഴിലുള്ള 1165214020918 എന്ന കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | എണ്ണം |
|---|---|
| 11Wx2 CFL | 1699 |
| 36Wx2 CFL | 139 |
| 25W LED | 330 |
| 30W LED | 660(11/2020മുതൽ) |

2019-20 വർഷത്തിൽ പ്രതിമാസം 75,563/- രൂപയും 2020-21 വർഷത്തിൽ 10/20 വരെ 82,492/- രൂപ പ്രകാരവും 11/20 മുതൽ 1,01,329/- പ്രകാരവുമാണ് പ്രതിമാസം വൈദ്യുതി ചാർജ്ജ് ഒടുക്കിയിട്ടുള്ളത്.

ബി)സംയുക്ത പരിശോധനയുടെ വിവരം

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് 2018-19 വർഷത്തിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ട്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡടിസ്ഥാനത്തിലുള്ള സ്ട്രീറ്റ്ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നു. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് ഒടുക്കുന്നതും വിളക്കുകളുടെ മെയിന്റനൻസിന് തുക അനുവദിക്കുന്നതും. ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനനുസരിച്ച് വിവരങ്ങൾ കാലികമാക്കേണ്ടതും വൈദ്യുതി ചാർജ്ജ് റിവൈസ് ചെയ്യേണ്ടതുമാണ്.

സി)സ്ട്രീറ്റ്മെയിൻ ഏർപ്പെടുത്തിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ ഏർപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് ഒരു കോടിയിലധികം രൂപ ചെലവുവരും എന്നതിനാലാണ് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് കാലതാമസം വരുന്നത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്.

ഡി)വൈദ്യുതി ചാർജിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലായി താഴെപ്പറയും പ്രകാരമാണ് വൈദ്യുത ചാർജ് ഒടുക്കുന്നതിനായി ചെലവ് വന്നിട്ടുള്ളത്.

| വർഷം | തുക |
|---|---|
| 2019-20 | 1503584 |
| 2020-21 | 940335 |

നിലവിൽ 1,01,329/- രൂപയാണ് പ്രതിമാസം വൈദ്യുതി ചാർജ്ജായി ഒടുക്കുന്നത്.

ഇ)തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം. | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 323/20തെരുവ് വിളക്ക് റിപ്പയർ | 502970 |
| | 158/20 തെരുവ് വിളക്ക് റിപ്പയർ | 422276/- |
| 2020-21 | 461//21 തെരുവ് വിളക്ക് റിപ്പയർ(new) | 422276 |
| | 282/21 തെരുവ് വിളക്ക് റിപ്പയർ(സ്പിൽ ഓവർ) | 211138 |

റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകുന്നുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം സംബന്ധിച്ച കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രവും വാങ്ങി സൂക്ഷിക്കുന്നുണ്ട്.

തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

നിലാവ് പദ്ധതിയുടെ വിവരം

നിലാവ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1000 സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് ആദ്യഘട്ടത്തിൽ പഞ്ചായത്ത് ഏറ്റെടുത്തിരുന്നതെങ്കിലും മതിയായ സ്ട്രീറ്റ്മെയിനുകൾ ഇല്ലായെന്ന് KSEB സെക്ഷനുകൾ അറിയിച്ച സാഹചര്യത്തിൽ 200 സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് നിലവിലുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/12.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കൃത്യമായ ഇടവേളകളിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി ആയുസ്സ് കൂടുതൽ ഉള്ളതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി

25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-24 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള 40 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് വാങ്ങിയ വകയിൽ 1876827.95- തുക ബിസ്മി സ്നേഹം അമൃതം ഫുഡ്സ് കൈമാറിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

സാമൂഹ്യ ക്ഷേമ ഡയറക്റുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്)2020-21 സാമ്പത്തിക വർഷങ്ങളിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കുവാൻ വേണ്ടി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. എന്നാൽ 09/2020 ലെ ലാബ് റിപ്പോർട്ട് മാത്രമെ ഹാജരാക്കിയിട്ടുള്ളു. എല്ലാ ബാച്ച് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 1-25 കോവിഡ്-19 -പ്രവർത്തനങ്ങളുടെ അവലോകനം

2020-21 വർഷാരംഭം മുതൽ ഉണ്ടായിട്ടുള്ള കോവിഡ് മാഹാമാരി നേരിടുന്നതിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

### പ്രതിരോധപ്രവർത്തനത്തിനായുള്ള പദ്ധതികൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020-2021 വർഷം രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ ഒരെണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി നം. | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 459/21 കോവിഡ് കെയർ സെന്റർ നടത്തിപ്പ് ചെലവ് | 300000 (തനത്ഫണ്ട്) | - |
| 460/21 സി എഫ് എൽ ടി സി അടിസ്ഥാനസൗകര്യം ഒരുക്കൽ | 1000000 (തനത്ഫണ്ട്) | 262483 |

### തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ

മേൽപ്പറഞ്ഞ പദ്ധതിപ്രകാരം ചെലവഴിച്ച തുക ഉൾപ്പെടെ 2020-21 വർഷത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ആകെ 6,53,893/- രൂപയാണ്

ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ FLTC/DCC/ സമൂഹ്യ അടുക്കള തുടങ്ങിയ കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പിന് തനത് ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകകൾ സർക്കാരിൽനിന്നും റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിന് അർഹതയുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ ചെലവഴിച്ച തുകകൾ, തിരികെ ലഭിച്ച തുകകൾ എന്നിവയുടെ വിവരം പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും 15 ദിവസം കൂടുമ്പോൾ കണക്കുകൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി, അസ്സൽ ചെലവ് വൗച്ചറുകൾ സഹിതം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖാന്തിരം ജില്ലാ കളക്ടറേറ്റിൽ സമർപ്പിച്ച് റീഇംബേഴ്സ്മെന്റ് വാങ്ങണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2020-21 വർഷത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ജില്ലാ ആസ്ഥാനത്ത് നിന്നും ലഭ്യമായത് 50,000/- രൂപ മാത്രമാണ്. ആയത് കോവിഡിനുവേണ്ടി ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകൾ റീ ഇമ്പേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സി എഫ് എൽ ടി സി

2020-21 വർഷത്തിൽ ക്വാറന്റൈൻ ആവശ്യമുള്ള രോഗികളെ താമസിപ്പിക്കുന്നതിന് ക്വറന്റൈൻ സെന്റർ പ്രവർത്തനം നടത്തിയിരുന്നു. സി എഫ് എൽ ടി സി കല്ലടി ഹയർസെക്കണ്ടറി സ്കൂളിലാണ് പ്രവർത്തിച്ചിരുന്നത്. കോവിഡ് നിരീക്ഷണത്തിലുള്ള രോഗികൾക്ക് ഭക്ഷണം നൽകിയിട്ടുണ്ട്.

ക്വാറന്റൈനിലുള്ള രോഗികൾക്ക് സൗകര്യം ഒരുക്കുന്നതിനായി താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 22000514/18.9.20 | 174661 | സീലിംഗ് ഫാൻ (9എണ്ണം), വാട്ടർ ഹീറ്റർ (9എണ്ണം) എന്നിവ വാങ്ങുന്നതിനും കല്ലടി ഹയർസെക്കണ്ടറി സ്കൂളിൽ പ്ലംബിംഗ് ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവർത്തികൾ ചെയ്തതിനും ജോഷി.കെ.പി എന്ന സപ്ലയർക്ക് അനുവദിച്ചത്. |
| 22000265/24.11.20 | 15537 | പൾസ് ഓക്സിമീറ്റർ-10 എണ്ണം |
| 22000434/24.3.21 | 87822 | 60 Coir Mattress<br>60 Coir Pillow<br>എന്നിവ കയർഫെഡിൽ നിന്നും വാങ്ങിയത് |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക് സാധനങ്ങൾ സി എഫ് എൽ ടി സി പ്രവർത്തിച്ചിരുന്ന കല്ലടി ഹയർസെക്കണ്ടറി സ്കൂളിൽ ഫിറ്റ് ചെയ്ത നിലയിലാണുള്ളത്. പൾസ് ഓക്സി മീറ്റർ പി എച്ച് സി-മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും കിടക്കകളും തലയിണകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

കമ്മ്യൂണിറ്റി കിച്ചൻ

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനസജ്ജമാക്കുന്നതിനായി 2020-21 വർഷത്തിൽ മെയ് 2020 വരെയാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്. പാചകതൊഴിലാളികളുടെ വേതനം നൽകുന്നതിനും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനത്തിലും മറ്റ് പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തവും സംഭാവനയും ഉണ്ടായിരുന്നു. ജൂൺ 2020 മുതൽ ഭക്ഷണ വിതരണത്തിന് പ്രതിദിന നിരക്ക് കണക്കാക്കി ഓരോ ദിവസവും വിതരണം ചെയ്തിട്ടുള്ള എണ്ണത്തിന് അനുസരിച്ച് തുക അനുവദിച്ചിരിക്കുകയാണ്.

| വൗച്ചർ നം. | തുക | തുക നൽകിയത് |
|---|---|---|
| 22000280/3.7.20 | 44580 | ശ്രീജ.കെ |
| 22000371/12.8.20 | 54275 | റീന ചേലഞ്ചേരി |
| 22000478/8.9.20 | 23860 | റീന ചേലഞ്ചേരി |
| 22000604/15.10.20 | 17675 | റീന ചേലഞ്ചേരി |
| 22000728/24.11.20 | 23345 | റീന ചേലഞ്ചേരി |
| 22000826/18.12.20 | 9085 | റീന ചേലഞ്ചേരി |

പ്രഭാതഭക്ഷണത്തിന് 35/-, ഉച്ചഭക്ഷണത്തിന് 50/-, രാത്രിഭക്ഷണത്തിന് 50/- എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്.

ഡിസംബർ 2020 മുതൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിപ്പിക്കുന്നതിനോ ഭക്ഷണവിതരണം നടത്തിയതിനോ തുക ചെലവഴിച്ചിട്ടില്ല.

ജനകീയ ഹോട്ടൽ

വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്. ജനകീയ ഹോട്ടലിന്റെ വാടക വാടകക്കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിവരുന്നുണ്ട്.

മറ്റ് പ്രവർത്തനങ്ങൾ

പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷക്ക് ന്യൂനപക്ഷ ഹെൽപ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ചെലവുകളൊന്നും ഉണ്ടായിട്ടില്ല. പ്രതിരോധപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രസിഡന്റ് ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും പഞ്ചായത്ത് തല മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് പോലീസ് എന്നിവരുമായി ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. വാർഡ് തല മോണിട്ടറിംഗ് സമിതികൾ സേവനരംഗത്തുണ്ട്.

### 1-26 റീക്കപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുകകൾ റീക്കപ്പ് ചെയ്യേണ്ടതാണ്

സാക്ഷരതാ പ്രേരക് ആയ ശ്രീ.പി ഗോപിനാഥൻ എന്നയാൾക്ക് താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | മാസം | തുക |
|---|---|---|
| 22001475/ 30.3.21 | 12/20,1/21,2/21 | 23312 |

G.O.(Rt)27/17/gen.edn. Dt 7.1.17 പ്രകാരം, തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കി റീക്കപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-27 തെരുവു വിളക്കുകളുടെ റിപ്പയർ -പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം.പേര് | 461//21 തെരുവ് വിളക്ക് റിപ്പയർ(new) |
| അടങ്കൽ | 50000(തനത് ഫണ്ട്) |
| ചെലവ് | 422276 |
| വൗച്ചർ നം, തുക | 22000504//16.9.20,211138/-<br>22000793/15.12.20,211138/ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നം.പേര് | 282/21 തെരുവ് വിളക്ക് റിപ്പയർ(സ്പിൽ ഓവർ) |
| അടങ്കൽ | 327724(തനത് ഫണ്ട്) |
| വൗച്ചർ നം, തുക | 22000064/5.5.20, 211138/-/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും 2019-20 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് നം. 158/20 തെരുവ് വിളക്ക് റിപ്പയർ എന്ന പദ്ധതിയുടെ തുടർച്ചയായാണ് നടപ്പിലാക്കിയിട്ടുള്ളത്. 2019-20 വർഷത്തിൽ ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത ജോൺസൺ.പി.(ജോഷി) കൊളങ്ങോടൻ എന്ന വ്യക്തിക്ക് പ്രവൃത്തി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള വിളക്കുകൾക്ക് ഒരുവർഷത്തേക്ക് റിപ്പയർ/മെയിന്റനൻസ് നടത്തുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്. താഴെപ്പറയുന്ന നിരക്കിലാണ് റിപ്പയറിന് കരാർ നൽകിയിട്ടുള്ളത്. കരാറുകാരൻ തന്നെ ആവശ്യമായ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

| വിളക്കുകളുടെ തരം | എണ്ണം | നിരക്ക് |
|---|---|---|
| 11Wx2 CFL | 1699 | 560 |
| 36Wx2 CFL | 139 | 880 |

മുഴുവൻ വിളക്കുകൾക്കും റിപ്പയർ നടത്തുന്നതിന് ആവശ്യമായ തുക 10,55,690/- രൂപയാണ്. 2019-20 വർഷത്തിൽ വകയിരുത്തിയ തുകയായ 7,50,000/- രൂപയിൽ 4,22,276/- രൂപ ആ വർഷം ചെലവഴിച്ചു. 2019-20 ലെ തെരുവ് വിളക്ക് റിപ്പയർ പദ്ധതിയിൽ ആവശ്യമായ മുഴുവൻ തുകയും വകയിരുത്താത്തതിനാൽ പദ്ധതിയിൽ ബാക്കിയുള്ള തുകക്ക് 2020-21 ൽ സ്പിൽ ഓവർ പദ്ധതിയും പിന്നെയും ബാക്കിനിൽക്കുന്ന തുക നൽകുന്നതിന് 2020-21 വർഷത്തിൽ പുതിയ ഒരു പദ്ധതിയും (പ്രൊജക്ട് നം. 461//21)തയ്യാറാക്കി.

2019-20 ൽ ആരംഭിച്ച തെരുവ് വിളക്ക് റിപ്പയർ പദ്ധതിയുടെ ആകെ ചെലവ് 10,55,690/- രൂപയാണ്.

ഓരോ മൂന്ന് മാസത്തിലും എല്ലാ വാർഡിലും അറ്റകുറ്റപ്പണി നടത്തണമെന്നും റിപ്പയർ തുക നാലുഗഡുക്കളായി അനുവദിക്കും എന്നുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കരാറുകാരൻ തന്നെ ആവശ്യമായ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്.

പ്രവർത്തി നടപ്പിലാക്കി ബിൽ അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)തെരുവ് വിളക്കുകളുടെ റിപ്പയർ അനുവദിക്കുന്ന കരാറുകൾക്ക് കരാറുകാരന് ബി ക്ലാസ് ലൈസൻസ് ആവശ്യമാണെന്നിരിക്കെ സി ക്ലാസ് രജിസ്ട്രേഷൻ മാത്രമുള്ള കരാറുകാരന് പ്രവർത്തി ഏൽപിച്ചു (ലൈസൻസ് നം.14538/8.3.18)

2)നീക്കം ചെയ്ത സാധനസാമഗ്രികൾ തിരിച്ചേൽപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിൽ ഒരു നിബന്ധനയും ചേർത്തിട്ടില്ല. കേടായ തെരുവ് വിളക്കുകൾ മാറ്റിയത് ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് രേഖകളൊന്നും സൂക്ഷിക്കുന്നില്ല.

3)ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാണെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ആയതിൽ വിളക്കുകളുടെ എണ്ണം, തരം എന്നിവയൊന്നും വ്യക്തമാക്കിയിട്ടില്ല.

4) കരാറുകാരൻ വാങ്ങി ഉപയോഗിക്കുന്ന സാധനങ്ങളുടെ വാറണ്ടി ഉറപ്പുവരുത്തുന്നതിന് യാതൊരു മാർഗ്ഗവും നിലവിലില്ല. സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കാത്തതിനാൽ ലാമ്പുകളുടെ വാറണ്ടി തുടങ്ങിയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ വാങ്ങി സ്ഥാപിച്ചതും വാറണ്ടി നിലനിൽക്കുന്നതുമായ തെരുവു വിളക്കുകളും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. വാറണ്ടി ഉള്ള ലാമ്പുകളെ ഒഴിവാക്കി

ബാക്കിയുള്ള ലാമ്പുകളുടെ മാത്രം അറ്റകുപ്പണികൾ നടത്തുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

5)കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018 മുതൽ മരാമത്ത് പ്രവർത്തികൾക്കും സേവനങ്ങൾക്കും എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 200 രൂപയുടെ മുദ്രപ്പത്രത്തിലാണ്. പ്രവർത്തിക്കായി 10,55,690/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മുദ്രപ്പത്രത്തിന്റെ മൂല്യത്തിൽ കുറവ് നിലനിൽക്കുന്നു.

തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 40 അംഗൻവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 40 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 36 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 4 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 2 |
| | ചുറ്റുമതിൽ ഇല്ലാത്തവ | 0 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |
| 9 | വയറിങ്ങ്കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 0 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 40 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 0 |
| 14 | ഫാൻ ഇല്ലാത്തവ | 0 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

40 അംഗൻവാടികൾക്കും നാളിതുവരെയായിട്ടും ഗ്യാസ് കണക്ഷൻ ലഭ്യമായിട്ടില്ല. വരും വർഷത്തിൽ ഇതിനായി പ്രോജക്റ്റ് തയ്യാറാക്കേണ്ടതും ആയതിനുള്ള തുക വകയിരുത്തേണ്ടതുമാണ്.

സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

## 1-29 കട്ടിൽ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്നും ടി ഡി എസ് കുറവു ചെയ്തില്ല

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. എന്നാൽ താഴെ പറഞ്ഞ ബില്ലുകൾ പ്രകാരം തുക

1)

| | | |
|---|---|---|
| പ്രൊജക്ട് നം.225/20-21 എസ് സി | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | അടങ്കൽ-217500- |
| നിർവ്വഹണോദ്യോഗസ്ഥൻ-ഐ സി ഡി എസ് സൂപ്പർവൈസർ | ചെലവ്-86000- | ബിൽ നമ്പർ-10/20-21,27-03-21 |

ചെലവ് വിശദാംശങ്ങൾ

| അക്കൗണ്ട് നമ്പർ | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക | എണ്ണം |
|---|---|---|---|---|
| SBIN0070723 37084134400 | 86000- | 453/26-03-21 | 86000- | 20 |
| | | ആകെ | 86000- | 20 |
| | | ടാക്സ് ഒഴികെയുള്ള തുക | 70520 | |

2)

| | | |
|---|---|---|
| പ്രൊജക്ട് നം.30/20-21 | വയോജനങ്ങൾക്ക കട്ടിൽ വിതരണം | അടങ്കൽ-957000- |
| നിർവ്വഹണോദ്യോഗസ്ഥൻ-ഐ സി ഡി എസ് സൂപ്പർവൈസർ | ചെലവ്-946000- | ബിൽ നമ്പർ-13/20-21,30-03-21 |

ചെലവ് വിശദാംശങ്ങൾ

| അക്കൗണ്ട് നമ്പർ | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക | എണ്ണം |
|---|---|---|---|---|
| SBIN0070723 37084134400 | 946000- | | 946000- | 220 |
| | | ആകെ | 946000- | 220 |
| | | ടാക്സ് ഒഴികെയുള്ള തുക | 775720- | |

ആർട്ട്കോ മുഖേനയാണ് മേൽ പദ്ധതികൾക്ക വേണ്ടിയുള്ള കട്ടിൽ വാങ്ങിയിട്ടുള്ളത്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ടാക്സ് ഒഴികെയുള്ള ബില്ലുകൾ പ്രകാരം നൽകിയ തുകയിൽ നിന്നും ടി ഡി എസ് ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

പേയ്മെന്റ് നടത്തുമ്പോൾ നിയമാനുസൃത ബിൽ തുകയിൽ നിന്നും ടി ഡി എസ് കുറവുചെയ്ത് ബാക്കി തുക

മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ-കുടുംബശ്രീ ചാർജ് ഓഫീസർ (അസി.സെക്രട്ടറി)

സമൂഹത്തിലെ ഏറ്റവും നിരാലംബരായ വ്യക്തികളെ കണ്ടെത്തി അവരെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കാവശ്യമായ സേവനപരിചരണ പാക്കേജുകൾ നൽകുന്നതിനും സ.ഉ (എം.എസ്) നം.252/2017/തസ്വഭവ,തീയതി 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ അഗതികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

അഗതി രഹിതപദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം ആകെ 162കുടുംബങ്ങളാണ് ഉള്ളത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനുശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ KS/L/251/2019, 9.3.2019 പ്രകാരം അഗതിരഹിതകേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. ഭക്ഷണം ഒഴികെ മറ്റു പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 14 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 32 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | - |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - |
| 7 | മരുന്ന് | 18 |
| 8 | വിദ്യാഭ്യാസം | - |

നിലവിൽ ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക അഗതിരഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

അഗതി രഹിതകേരളം ആക്ഷൻ പ്ലാൻ പ്രകാരം 1,00,24,400/- രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്. പ്ലാൻ ഫണ്ട് വകയിരുത്തൽ 60,25,000/- രൂപയാണെങ്കിലും നാളിതുവരെ 90,000/- രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ചലഞ്ച് ഫണ്ട് തുകയുടെ ആദ്യഗഡുവായ 11,95,283/- രൂപ അക്കൗണ്ടിൽ വരവായിട്ടുണ്ട്.

എ)ആവിഷ്കരിച്ച പദ്ധതികൾ

2019-20, 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം./പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 4/20 അഗതി-ആശ്രയ പരിചരണ പദ്ധതി | 500000 | - |

| | | | |
|---|---|---|---|
| 2020-21 | 24/21 അഗതി രഹിത കേരളം | 570000 | 90000 (ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകിയത്) |

ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)ലൈഫ് പദ്ധതിയിൽ മുഴുവൻ അഗതി ഗുണഭോക്താക്കളെയും പരിഗണിച്ചിട്ടില്ല

സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/ 2017/ ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128 /2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അഗതിരഹിതകേരളം ആക്ഷൻപ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 14 ഗുണഭോക്താക്കൾ ഉണ്ട്. ഈ ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കളെ മാത്രമാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലേക്ക് മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./) വാസയോഗ്യമായ വീടില്ലാത്ത 10 ഗുണഭോക്താക്കളെ ലൈഫ് മിഷൻ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 മാലിന്യ സംസ്കരണം-MCF കെട്ടിട നിർമ്മാണം -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 A മുതൽ 219 X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്ന് വിലയിരുത്തുന്നതിനായി വിവിധ രേഖകൾ പരിശോധിക്കുകയും നേരിട്ടും അല്ലാതെയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ജീവനക്കാരുടെ തസ്തിക ഗ്രാമപഞ്ചായത്തിലില്ല.

മാലിന്യ സംസ്കരണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ പ്ലാന്റ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. തെരുവുകളിൽ നിന്നും വീടുകളിൽ നിന്നും സ്ഥിരമായി മാലിന്യ നീക്കം നടത്തുന്നതിന് ജീവനക്കാരില്ലാത്തതിനാൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ബി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചില്ല

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി.എഫ് സെന്റർ നാളിതുവരെ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടില്ല. മുൻവർഷത്തിൽ പഞ്ചായത്ത് വക കെട്ടിടത്തിൽ താത്കാലികമായി ഒരു കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ള പ്രോജക്ട് ആവിഷ്കരിച്ച് പദ്ധതി ആരംഭിച്ചുവെങ്കിലും ആയത് ജനങ്ങളുടെ പരാതിയെ തുടർന്ന് ഉപേക്ഷിച്ചു. നിലവിൽ താൽകാലികമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് സ്ഥാപിക്കുന്നതിനായി മുൻ വർഷത്തിൽ ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് നാളിതുവരെയും പ്രയോജനപ്പെടുത്തിയിട്ടില്ല. ഉചിതമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്തതിനാലാണ് എം.സി.എഫ് സെന്ററിനായി സ്ഥിരം കെട്ടിടം പണിയുവാൻ സാധിക്കാത്തതെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

സി. ഹരിതകർമ്മസേന

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഹരിതകർമ്മസേന യഥാസമയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഹരിത കർമ്മസേന രൂപീകരിച്ച് ഓരോ വാർഡിൽ നിന്നും 2 പേർ വീതം ആകെ 44 അംഗങ്ങളുള്ള ഒരു ടീമിനെ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ഈടാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. നാളിതുവരെ ടി രീതിയിൽ തുക ഈടാക്കിയതിന്റെ ബാങ്ക് പാസ്സ് ബുക്ക് ഹാജരാക്കാത്തതിനാൽ ടി ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ പ്ലാസ്റ്റിക് ശേഖരണം ആരംഭിച്ചിട്ടുള്ളതായും താത്കാലിക കെട്ടിടത്തിൽ പ്ലാസ്റ്റിക് സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ആയത് താൽക്കാലികമായി അമ്പലപ്പാറയിലുള്ള ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആയത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ആശാസ്യമായ നടപടിയല്ല.

ഡി. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് , 2016 പ്രകാരമുള്ള നടപടികൾ

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകളിൽ നിന്നും ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിനായി ബൈലോയും രൂപീകരിച്ചിട്ടില്ല.

ഇ. വികേന്ദ്രീകൃത മാലിന്യ സംസ്കരണം

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷത്തിലോ മുൻവർഷങ്ങളിലോ ആവിഷ്കരിച്ചിട്ടില്ല.

ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ഉണ്ടായിട്ടില്ല. തുടർനടപടികൾ ഉണ്ടായിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി ബഡ്ജറ്റിൽ തുക വകയിരിത്തിയിട്ടില്ല തൻവർഷത്തിൽ പ്രസ്തുത ഇനത്തിൽ ചെലവൊന്നുമില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*എം.സി.എഫ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

*വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

*പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

*സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 കോതാളം ചോല (എസ്.സി) കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 283/21-കോതാളംചോല എസ്.സി DWS | അടങ്കൽ/ഫണ്ടിനം | 800000 (തനത് ഫണ്ട് ) |
| ചെലവ് | 390630 (പാർട്ട് ) | ചെക്ക് നം:/തീ : | XY6004550/8.11.20 |
| എഗ്രിമെന്റ് | 163/A.E/20-21 /2.6.20 | എംബുക്ക് | 142/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനിയർ | കോൺട്രാക്ടർ | ബഷീർ.കെ |

പദ്ധതി കരാർ പ്രകാരം 12/2020 ന് പൂർത്തീകരിക്കേണ്ടിയിരുന്നത് പാർട്ട് ബിൽ കൈപ്പറ്റി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയോ, പൈപ്പിടൽ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് കോൺട്രാക്ടർ നിർവ്വഹണോദ്യോഗസ്ഥന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഭരണസമിതി തീരുമാനം എടുക്കാത്തതിനാലാണ് പ്രവർത്തി അനന്തമായി നീണ്ടുപോവുന്നതിന് കാരണമെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു .പദ്ധതി പൂർത്തീകരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-33 മരാമത്ത്- പ്രവർത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തീയതി 1-12-2012 പ്രകാരം

പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| മരാമത്ത് പ്രവർത്തിയുടെ വശദവിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:238/21-കുണ്ടുകണ്ടം SC കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ(400000) ചെലവ്:335375/-<br>ബിൽ നം:10/20-21 /15.4.20<br>എം ബുക്ക് :208/17-18<br>എഗ്രിമെൻറ് :80/17-18/AE/18.1.2018<br>കോൺട്രാക്ടർ :ഹംസ (369994 )<br>പൂർത്തീകരണ തീയ്യതി: (31.3.2018 )<br>പൂർത്തീകരിച്ച തീയ്യതി :16.3.2020 (അവസാന ചെക്ക് മെഷർ)<br>നം:80(b)/AE/KPM/8.4.2019ആയി സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട് | 11099 | 0 | 11099 |
| 2)പ്രവർത്തി:292/21-പൂളമണ്ണക്കുളം സംരക്ഷണം<br>അടങ്കൽ(250000) ചെലവ്:245356/-<br>ബിൽ നം:37/20-21 /15.6.20/-<br>എം ബുക്ക് :191/19-20 | 7500 | 00 | 7500 |

| | | | |
|---|---|---|---|
| എഗ്രിമെൻറ് :143/18-19/AE/8.11.2018<br>കോൺട്രാക്ടർ :ഹംസ.എ (എസ്റ്റിമേറ്റ് നിരക്ക് )<br>പൂർത്തീകരണ തീയ്യതി: (31.3.2019 )<br>പൂർത്തീകരിച്ച തീയ്യതി :21.4.2020 (അവസാന ചെക്ക് മെഷർ)<br>നം:143(a)/AE/KPM/18-19/23.3.20 ആയി സപ്ലിമെന്റൽ എഗ്രിമെന്റ് വച്ച | | | |
| 3)പ്രവർത്തി:301/21-പത്തങ്ങം റോഡ് റീടാറിങ്<br>അടങ്കൽ:200000 ചെലവ്:/-200000<br>ബിൽ നം:104/20-21 /18.8.20/-<br>എം ബുക്ക് :178/19-20<br>എഗ്രിമെൻറ് :88/19-20/AE/28.9.2019<br>കോൺട്രാക്ടർ : അലവി (എസ്റ്റിമേറ്റ് നിരക്ക് )<br>പൂർത്തീകരണ തീയ്യതി: (31.3.2020 )<br>പൂർത്തീകരിച്ച തീയ്യതി :24.6.2020 | 6000 | 0 | 6000 |
| ആകെ | | | 24599 |

ഓഡിറ്റ് എൻക്വയറി നം:10/20-21/21.12.21

## 1-34 പൂർത്തീകരിച്ച കുടിവെള്ള പദ്ധതി കൾ -ഗുണഭോക്തൃത കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റ തുടർ നടത്തിപ്പ് രേഖാമൂലം ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല. 13 -ാം പദ്ധതി മാർഗ്ഗ രേഖയിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരണ ശേഷം രേഖാമൂലം ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 238/21- കുണ്ടുകണ്ടം SC കോളനി\ DWWS 1-ാം ഘട്ടം | അടങ്കൽ/ ഫണ്ടിനം | 400000 (SCP) |
| ചെലവ് | 400000 | ബിൽ നം /തീ: | 10/20-21 /24.4.20 |
| ബിൽ നംനിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 208/17-18 |
| എഗ്രിമെൻറ് നം: | 80/17-18/18.1.18 | കോൺട്രാക്ടർ | ഹംസ |

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 267/21- കുണ്ടുകണ്ടം SC കോളനി DWWS 2-ാം ഘട്ടം | അടങ്കൽ/ഫണ്ടിനം | 350000 (പ്ലാൻ ജനറൽ ) |
| ചെലവ് | 350000 | ബിൽ നം /തീ: | 16/20-21 /24.4.20 |
| ബിൽ | അസി.എൻജിനിയർ | എംബുക്ക് | 196/19-20 |

| | | | |
|---|---|---|---|
| നംനിർവ്വഹണം | | | |
| എഗ്രിമെൻറ് നം: | 198/19-20/31.12.19 | കോൺട്രാക്ടർ | ഹംസ |

മേൽ രണ്ട് പ്രവർത്തികളിലായി കുഴൽക്കിണർ കുഴിച്ച്, പമ്പ് ഹൗസ് സ്ഥാപിച്ച്, മോട്ടോർ (5HP) സ്ഥാപിച്ച്, ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കി 280 ഡലിവറി പൈപ്പ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൂർത്തീകരണ ശേഷം തുടർ നടത്തിപ്പ് രേഖാമൂലം ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം:12/20-21/18.12.21)

1-35 മരാമത്ത് -പൊളിച്ചെടുത്തവ സ്റ്റോക്കിലെടുത്തിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 314/21- PHC സബ് സെന്റർ റിപ്പയർ | അടങ്കൽ/ഫണ്ടിനം | 300000 (MGNR ) |
| ചെലവ് | 300000 | ബിൽ നം /തീ: | 17/20-21 /25.6.20-219151 61/20-21 /26.6.20-80849 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 194/19-20 |
| എഗ്രിമെൻറ് നം: | 142/19-10/10.12.20 | കോൺട്രാക്ട് | (മുഹമ്മദ് അഷറഫ് |

മേൽ പ്രവർത്തിയിൽ IETEM NO (2) ആയി 87.12 M2 ഓട്, മരം എന്നിവ പൊളിച്ച് മാറ്റിയതിന്ന് (പേജ് -1) @113.04 /എം2 നിരക്കിൽ 9,848 രൂപ അനുവദിച്ചിട്ടുണ്ട് (പേജിൽ ലേലം ചെയ്യാൻ വേണ്ടി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്) എന്നാൽ വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിക്കുകയോ വാല്യേഷൻ നടത്തുകയോ, ലേലം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം:13.20-21/18.12.21)

1-36 അംഗനവാടികളുടെ അറ്റകുറ്റപ്പണി-പ്രത്യേകം എസ്റ്റിമെറ്റ് തയ്യാറാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 354/21- അംഗനവാടികളുടെ റിപ്പയർ | അടങ്കൽ/ഫണ്ടിനം | 594000(MGNR+own Fund) |
| ചെലവ് | 542570 | ബിൽ നം /തീ: | 124/20-21/18.9.20 |
| എഗ്രിമെൻറ് നം: | 58/AE/20-21 /28.5.20 | എംബുക്ക് | 98/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനിയർ | കോൺട്രാക്ട് | ബാവ.കെ |

മേൽപ്രവൃത്തിയിൽ പഞ്ചായത്തിലെ വ്യത്യസ്ത കെട്ടിടങ്ങളായ അംഗനവാടികളുടെ അറ്റകുറ്റപ്പണികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കെട്ടിടങ്ങൾക്ക് ആവശ്യമായ ഇനങ്ങൾക്ക് പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇതുമൂലം ഓരോ കെട്ടിടത്തിനും എത്ര തുക വകയിരുത്തിയെന്നോ ബില്ല് പ്രകാരം എത്ര തുക ചെലവഴിച്ചെന്നോ ഉള്ള വ്യക്തമായ വേർ തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആസ്തി രജിസ്റ്ററിൽ വ്യത്യസ്തമായി ഉൾപ്പെടുത്തിയിട്ടുള്ള അംഗനവാടികളുടെ മൂല്യ വർദ്ധിത പ്രവൃത്തികളായതിനാൽ ആസ്തി രജിസ്റ്റർ

കാലികമാക്കുമ്പോൾ പ്രത്യേകം വിവരങ്ങൾ ആവശ്യമാണ് എന്നിരിക്കേ ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:14/20-21/21.12.21.

1-37 റോഡ് പ്രവർത്തികളിൽ കോൺക്രീറ്റിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്

| | |
|---|---|
| ആകെ പ്രൊജക്റ്റുകൾ | 336 (95 Spill Over +241 New ) |
| നിർവ്വഹണംനടത്തിയത് | 303 |
| നിർവ്വഹണം നടത്താത്തത് | 32 |
| അകെ അടങ്കൽ | 68134614 |
| ചെലവ് | 58805371 (86%) |
| ടാറിങ് | 5679330 |
| കോൺക്രീറ്റ് | 28821707 (1 കോടിയുടെ തനത് ഫണ്ട് ഉൾപ്പെടാതെ) |

മേൽപ്പറയുന്ന കണക്കുകൾ പ്രകാരം 5.88 കോടി ചെലവഴിച്ചതിൽ 3.88 കോടി കോൺക്രീറ്റ് പ്രവർത്തികൾക്കാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ടാറിങ് പ്രവർത്തികൾക്ക് നാമമാത്ര തുക മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് (0.56 കോടി). ഇത്തരത്തിൽ കോൺക്രീറ്റ് പ്രവർത്തികൾക്ക് മുൻഗണന നൽകുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാവാൻ സാദ്ധ്യത ഉണ്ട്. (ഉദാ- ഇത്തരം റോഡുകൾ പൊട്ടിപ്പോയാൽ ആയത് ഇളക്കിമാറ്റി പുതിയത് സ്ഥാപിക്കാൻ നിലവിലുള്ള നിരക്കിനേക്കാൾ ഇരട്ടി തുക ചെലവഴിക്കേണ്ടിയും വരും എന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ അധിക ബാദ്ധ്യത ഉണ്ടാവും) ഇതിലുപരിയായി താരതമ്മ്യേന ഭൂപ്രകൃതി അനുസരിച്ച് ഉറപ്പുള്ളമണ്ണ് ഉള്ള പഞ്ചായത്തിൽ ഓരോ കോൺക്രീറ്റ് പ്രവർത്തിയുടെ എസ്റ്റിമേറ്റിലും കോറിമക്ക് ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതായോ ആയതിൽ കോറിമക്ക് ഉപയോഗം പരാമർശിച്ചിട്ടുള്ളതായോ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭാവിയിൽ കോൺക്രീറ്റ് പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പുന:പരിശോധന നടത്തേണ്ടതാണ്. അഭിപ്രായം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:30/20-21/23.12.21)

1-38 PHC സബ്സെന്റർ ട്രസ്സ് വർക്ക് -അധിക നിരക്ക് അനുവദിച്ചു

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 200/21- PHC സബ് സെന്റർ ആര്യമ്പാവ് -അറ്റകുറ്റപ്പണികൾ | അടങ്കൽ/ ഫണ്ടിനം | 250000(MGNR )240000(OWN) |
| ചെലവ് | 490000 | ബിൽ നം /തീ:<br>വൗച്ചർ നം:/തീ : | 134/20-21 /3.11.20-250000/-<br>7/11-20/3.11.20-240000/- |
| എഗ്രിമെൻറ് നം: | 89/AE/20-21/28.5.20 | എംബുക്ക് | 172/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനിയർ | കോൺട്രാക്ട് | മുഹമ്മദ് അഷ്റഫ് |

(കോസ്റ്റ് ഇൻഡക്സ് 31.06% )

(1)മേൽ ട്രസ്സ് വർക്ക് പ്രവർത്തിയിൽ ഐറ്റം നം (12 ) ആയി ഐറ്റം കോഡ് 12.50 ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് 0.50 Mm (പേജ് 17) 57 M2 @721.35 /M2 ന്ന് 4116.95 രൂപ അനുവദിച്ചു. എന്നാൽ 22.12.21 ന് പഞ്ചായത്ത് പ്രതിനിധി (ഓവർസീയർ)യുമായി പ്രദേശിക പരിശോധ

നടത്തിയതിൽ ഷീറ്റ് വർക്ക് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് 0.35 Mm ആണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. ആയതിന് @607/M2 ആണ് അനുവദനീയം. അധികമായി 114.35 രൂപ നിരക്കിൽ 6,518/-രൂപ അധികമായി അനുവദിച്ചത് കോൺട്രാക്ടറിൽ നിന്ന് ഈടാക്കണം

(2)ഐറ്റം നം (21) ആയി ഐറ്റം കോഡ് 50.10.1 ആയിട്ടുള്ള ട്രസ്സ് വർക്ക് ചെയ്തതിന് 1232 Kg യ്ക്ക് @131.26 /Kg നിരക്കിൽ 1,61,712/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ ആയത് പെർളിൻ വർക്ക് (സിങ്കിൾ സെക്ഷൻ) ആണെന്ന് കണ്ടെത്തി. ആയതിന്റെ നിരക്ക് 106.88/kg ആണ്. അധികമായി 24.38/kg നിരക്കിൽ 30,036/- രൂപ അനുവദിച്ചത് കോൺട്രാക്ടറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.
ആകെ നഷ്ടം 36,554/- രൂപ (30036 +6518 ) കോൺട്രാക്ടറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം:19/20-21/23.12.21)

1-39 അരിയൂർ GLPS ട്രസ്സ് വർക്ക് അധികനിരക്ക് അനുവദിച്ചു

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 203/21- GMLP അരിയൂർ അറ്റകുറ്റപ്പണി | അടങ്കൽ/ഫണ്ടിനം | 450000 (MGNR ) |
| ചെലവ് | 450000 | ബിൽ നം /തീ: | 121/20-21 /16.9.20 |
| നിർവ്വഹണം | അസി.ൻജിനിയർ | എംബുക്ക് | 97/20-21 |
| എഗ്രിമെൻറ് നം: | 56/AE/20-21/28.5.20 | കോൺട്രാക്ട് | ബാവ .കെ |

മേൽ പ്രകാരമുള്ള പ്രൊജക്ട നിർവ്വഹണത്തിൽ (Cost Index 31.06% ) lഐറ്റം നമ്പർ (1) പ്രകാരം ട്രസ്സ് വർക്ക് നടത്തിയതിന് (ഐറ്റം കോഡ്-50.10.1) 1342.53 Kg യ്ക്ക് @131.26/kg നിരക്കിൽ (പേജ് -1-4 ) 1,76,220/- രൂപ അനുവദിച്ചിട്ടുണ്ട്. വർക്ക്സൈറ്റ് 22.12.21 ന് പ്രാദേശികമായി പരിശോധിച്ചതിൽ 50% ട്രസ്സ് വർക്കും 50% സിങ്കിൾ സെക്ഷൻ (പെർള്ളിൻ വർക്ക് ) ആയിട്ടാണ് നടത്തിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി ആയതിൽ സിങ്കിൽ സെക്ഷൻ വർക്കിന് COST INDEX 31.06% DSR CODE 50.10.2 പ്രകാരമുള്ള നിരക്ക് 106.88/Kg മാത്രമാണ് അനുവദനീയം (സിങ്കിൾ സെക്ഷൻ വർക്കിന് വെൽഡിങ് വർക്ക് കുറവാണ് ) അതായത് @24.38 /Kg അധിക നിരക്ക് അനുവദിച്ചിട്ടുണ്ട് .

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 473/21- GMLP അരിയൂർ അറ്റകുറ്റപ്പണികൾ പൂർത്തീകരണം | അടങ്കൽ/ഫണ്ടിനം | 500000 (തനത് ) |
| ചെലവ് | 50000 | വൗച്ചർ നം /തീ: | 15/3/20-21 /13.3.21 |
| നിർവ്വഹണം | അസി.ൻജിനിയർ | എംബുക്ക് | 212/20-21 |
| എഗ്രിമെൻറ് നം: | 262/AE/20-2.11.20 (DSR 31.06% ) | കോൺട്രാക്ട് | ബാവ .കെ |

ക്രമനം (1) പ്രൊജക്ടിൻറ പൂർത്തീകരണ പ്രവർത്തിയായിട്ടാണ് ക്രമനം (2) പ്രൊജക്ട് പ്രവർത്തി ചെയ്തിട്ടുള്ളത് ഈ പ്രവർത്തിയിൽ ഐറ്റം നം (1) ആയി (ഐറ്റം കോഡ് 50.10.2 ) ട്രസ്സ് വർക്ക് ചെയ്തതിന് 183.92 Kg യ്ക്ക് 106.88/kg നിരക്കിൽ 19,657/- രൂപ അനുവദിച്ചു. (ക്രമനം (1) ലെ ട്രസ്സ് വർക്കിന് 131.26/Kg നിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല)

(3)

| | | | |
|---|---|---|---|
| പേര് | 330/21- GLP സ്കൂൾ തിരുവിഴാം കുന്ന് അറ്റകുറ്റപ്പ ണികൾ | അടങ്കൽ/ഫണ്ടിനം | 600000(MGNR) |
| ചെലവ് | 530230 | ബിൽ നം /തീ: | 25/21-22 /6.5.21 |
| നിർവ്വഹണം | അസി.ൻജിനിയർ | എംബുക്ക് | 47/15-16 |
| എഗ്രിമെൻറ് നം: | 129/AE/20-21/29.5.20 (DSR 31.06% ) | കോൺട്രാക്ട് | ബീരാൻകുട്ടി |

മേൽ സാഹചര്യത്തിൽ ക്രമനം (1) പ്രവർത്തിയിലെ ട്രസ്സ് വർക്കിന് 50% പ്രവർത്തി 50.10.1 ൻറ നിരക്കിലും 50% പ്രവർത്തി 50.10.2 ന്റ നിരക്കിലും മാത്രമാണ് അനുവദിക്കാവുന്നതാണ് .

ക്രമനം (1) പ്രൊജക്റ്റിന്റ 22.12.21 ലെ പ്രദേശിക പരിശോധനയിൽ 50% ട്രസ്സ് വർക്കും 50% സിങ്കിൽ സെക്ഷനമാണെന്ന് കാണുകയുണ്ടായി.

ക്രമനം. (3) പ്രൊജക്റ്റ് പ്രകാരം ചെയ്തിട്ടുള്ള പ്രവർത്തിയിൽ ഐറ്റം നമ്പർ (2) ആയി ട്രസ്സ് വർക്ക് (ഓട് സ്ഥാപിക്കുന്നതിന്ന് )ചെയ്യതിന്ന് 3896 Kg യ്ക്ക് 105/kg നിരക്കിൽ 4,09,080/- രൂപ അനുവദിച്ചിട്ടുണ്ട്. (ക്രമനം (1) ലെ ഇതേ പ്രവർത്തിയ്ക്കായി 131.26/kg നിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല)

അതായത് ക്രമനം (1)പ്രൊജക്റ്റിൽ ഐറ്റം നം (1) ആയി ചെയ്ത ട്രസ്സ് വർക്ക് 1342.53 Kg യിൽ 672 Kg യ്ക്ക് 50.10.1 ന്റ നിരക്കിലും 672 Kg യ്ക്ക് 50.10.2 ന്റ നിരക്കിലും അനുവദിക്കാവുന്നതാണ്.

അധികമായി നൽകിയത് 24.38 X 672 =16383/-രൂപ കോൺട്രാക്റ്ററിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ് (എൻക്വയറി നം :20/20-21/23.12.21 )

## 1-40 സുഭിക്ഷകേരളം പദ്ധതി -മത്സ്യകൃഷി നടപ്പിലാക്കിയില്ല

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതി പ്രകാരം സാമ്പത്തിക വർഷത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി 1 പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷത്തിൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | | | ആകെ |
|---|---|---|---|---|---|
| | | സംസ്ഥാനാ വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം | |
| 1 | 382/21-വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി | 360800 | 721600 | 1623600 | 2706000 |

മേൽ സൂചിപ്പിച്ച പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടും നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 36/20-21/28.12.21 ) ലഭിച്ച മറുപടിയിൽ ഡി.ഡി.ഒ കോഡ് ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതികൾ നടപ്പാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതികൾ നടപ്പാകാതിരുന്നതിനാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ പോയി. ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ആസ്തി സംരക്ഷണ ഗ്രാന്റ് -മാർഗ്ഗരേഖ പാലിക്കണം

സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തെ ആസ്തി സംരക്ഷണപദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി .എഞ്ചിനിയർ

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തീയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

2. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 1.62 കോടി രൂപ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ പ്രോജക്ടുകൾക്കായി 1.42 കോടി രൂപ (വകയിരുത്തിയ തുകയുടെ 85 %) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

3. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 77.73 ലക്ഷം രൂപ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ പ്രോജക്ടുകൾക്കായി 63.68 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 85%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉദാ. 330/21-തീരുവിഴാംകുന്ന് GLPS നവീകരണം - 6,00,000/- രൂപ

315/21 PHC സെന്റർ പെയിന്റിങ് -4,00,000/- രൂപ

5. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വകമാറ്റി ചെലവഴിക്കുന്നിനുള്ള പ്രവണത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൻവർഷം തനത് ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കായി 1 പ്രോജക്ട് ആവിഷ്കരിച്ചതായി കാണുന്നുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം നടക്കാതിരുന്നതിനാൽ തുക ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. 76/21-അരിയൂർ പഞ്ചായത്ത് കളിസ്ഥലം നവീകരണം 50,000/- രൂപ വകയിരുത്തി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകുന്ന വിധത്തിൽ റോഡിതര ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
5. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
6. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-42 വാട്ടർ ടാങ്ക് വിതരണം- ജി എസ് ടി ഇല്ലാത്ത ബിൽ പ്രകാരം തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം.പേര് | 12/21വാട്ടർ ടാങ്ക് വിതരണം |

| | |
|---|---|
| അടങ്കൽ | 300000(വികസനഫണ്ട്-എസ് സി പി) |
| ബിൽ നം., തുക | 7/30.3.21, 117882/-ഗുണഭോക്തൃവിഹിതം -39312/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽപ്പറഞ്ഞ പ്രവർത്തിക്കായി 6.2.21 തീയതിയിൽ നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് 2,911/- രൂപ രേഖപ്പെടുത്തിയ ബി എസ് ജി എസ് ടി ഏജൻസീസ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 27.2.21 തീയതിയിലെ 1(2) നം. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള ഇൻവോയിസിൽ (നം. 93/27.3.21, തുക 157194) ജി എസ് ടി ഉൾപ്പെടുത്തിയിട്ടില്ല. ഇൻവോയിസ് പ്രകാരം 54 വാട്ടർ ടാങ്കുകളാണ് വാങ്ങിയിട്ടുള്ളത്. ജി എസ് ടി ഇല്ലാത്ത ബിൽ അംഗീകരിച്ച് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/14.12.21) മറുപടി ലഭ്യമാക്കിയില്ല.

## 1-43 MGNREGS മെറ്റീരിയൽ പർച്ചേസ് -അപാകതകൾ

MGNREGS പ്രവർത്തികൾക്ക് മെറ്റീരിയൽ പർച്ചേസ് നടത്തുന്നതിന്ന് ടെൻണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർ എം.അബ്ദുൾഹമീദ് (GSTIN NO :32ABEPH5540H1Z2 ), നൗഷാദ് .(32AIOPN3143M1Z1 )എന്നീ കോൺട്രാക്ടർമാർക്ക് ടെൻണ്ടർ അംഗീകരിച്ച് നൽകുകയും ആയത് പ്രകാരം എഗ്രിമെന്റ് വച്ച് മെറ്റീയിൽ താഴെപ്പറയും പ്രകാരം സപ്ലൈ ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഫയൽ നം/പേര്/വാർഡ് | മെറ്റീരിയൽ വില | ബിൽ/തീ |
|---|---|---|---|
| 1 | 372-കോട്ടോപ്പാടം റോഡ് കോൺക്രീറ്റ് (W16) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65606 +9460 | 53/20-21 /14.5.2020 |
| 2 | 364- വലിയപാറ ലിങ്ക് റോഡ് (W21) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65606 +9460 | 57/20-21 /22.6.2020 |
| 3 | 374- കൊടക്കാട് റോഡ് (W13 ) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65606 +9460 | 40/20-21 /15.5.2020 |
| 4 | 366-ലക്ഷം കുന്ന് റോഡ് കോൺക്രീറ്റ് (W14) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65606 +9460 | 56/20-21 /21.5.2020 |
| 5 | 362-വേങ്ങ റോഡ് കോൺക്രീറ്റ് (W8) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 44/20-21 /12.4.2020 |
| 6 | 369-നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റ് (W4 ) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616 +9460 | 49/20-21 /15.5.2020 |
| 7 | 365-പള്ളത്ത് കോളനി റോഡ് കോൺക്രീറ്റ് (W11) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616 +9460 | 47/20-21 /15.5.2020 |

| | | | |
|---|---|---|---|
| 8 | 377-ആശാരിക്കുളമ്പ് റോഡ് കോൺക്രീറ്റ് (W<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616 +9460 | 41/20-21 /25.5.2020 |
| 9 | 371-ഭീമനാട് റോഡ് കോൺക്രീറ്റ് (W15 )<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 204225 +29470 | 46/20-21 /15.5.2020 |
| 10 | 370- കൊമ്പം ചെറുവാർ കുഴമ്പ് റോഡ് (W12)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 39/20-21 /18.5.2020 |
| 11 | 376-കോണിക്കര റോഡ് കോൺക്രീറ്റ് (W1)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 59/20-21 /24.5.2020 |
| 12 | 367-ആശാരിക്കുളമ്പ് റോഡ് കോമ്ക്രീറ്റ് (W19 )<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 58/20-21 /23.5.2020 |
| 13 | 361 -പത്തങ്ങം റോഡ് കോൺക്രീറ്റ് (W18)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616 +9460 | 42/20-21 /23.5.2020 |
| 14 | 360-ആര്യമ്പാവ് റോഡ് കോൺക്രീറ്റ് (W10)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 340442 +49097 | 45/20-21 /30.5.2020 |
| 15 | 373-നെയ്യപ്പാടം റോഡ് കോൺക്രീറ്റ് (W10)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50425 +9277 | 66/20-21 /24.6.2020 |
| 16 | 355-നാലകത്ത് കുളമ്പ് റോഡ് (W15)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 51/20-21 /16.5.2020 |
| 17 | 375-അയനിക്കണ്ണി റോഡ് (W 2)<br>കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 65616+9460 | 43/20-21 /29.4.2020 |
| | ആകെ | 1382491 +201364 | |
| 1 | 359- മേക്കാളപ്പാറ റോഡ് കോൺക്രീറ്റ് (W3)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | 65606 +9460 | 15/20-21 /2.6.2020 |
| 2 | 356-പുറ്റാനിക്കാട് റോഡ് കോൺക്രീറ്റ് (W6)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | 65616+9460 | 13/20-21 /16.5.2020 |
| 3 | 363-പുളിയക്കോട്ടുകര റോഡ് | 65616+9460 | 50/20-21 |

| | | | |
|---|---|---|---|
| | കോൺക്രിറ്റ് (W12)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | | /15.5.2020 |
| 4 | 358-ഹെൽത്ത്സെന്റർറോഡ് കോൺക്രീറ്റ് (W5)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | 65616 +9460 | 12/20-21 /16.5.2020 |
| 5 | 368-കൊട്ടുവാളിപ്പുറം റോഡ് കോൺക്രീറ്റ് (W8)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | 204295 +29470 | 48/20-21 /15.5.2020 |
| 6 | 357-അമ്പാഴക്കോട് റോഡ് കോൺക്രീറ്റ് (W7)<br>കോൺട്രാക്ടർ : നൗഷാദ് .(32AIOPN3143M1Z1 ) | 65616 +9460 | 14/20-21 /16.5.2020 |
| | ആകെ | 532375+76770 | |

മേൽ പ്രകാരം കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചതിൽ E -WAY BILL ആയിട്ടല്ല സമർപ്പിച്ചിട്ടുള്ളത്. മാന്വൽ ബില്ലുകൾ ആയി തയ്യാറാക്കിയ ബില്ലുകൾ മാത്രമാണ് .GST ക്ലെയിം ചെയ്ത കോൺട്രാക്ടർ മാർ ആയത് റിട്ടേൺ സമർപ്പിച്ച് അടവാക്കിയത് സംബന്ധിച്ച രേഖകൾ കോൺട്രാക്ടറിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. കോൺട്രാക്ടർ അബ്ദുൾ ഹമീദിന്റെ ക്രമനം. (14 ) പ്രകാരമുള്ള ബില്ലിൽ നിന്ന് 2% TDS ഈടാക്കി അടവാക്കിയിട്ടില്ല (ബിൽ തുക 3,00,000/- രൂപ ).ഓഡിറ്റ് എൻക്വയറി നം:29/20-21/24.12.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധം -1 കാണുക.

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 350917 | Palliative Care | 350917 | 0 |
| | | 500000 | Solar | 500000 | 0 |
| | | 127360 | Life Housing | 127360 | 0 |
| | | 255000 | 5/21-നെൽകൃഷി കൂലിചെലവ് | 255000 | 0 |
| | 2020-21 | 106250 | 258/21-നെൽകൃഷി വികസനം | 106250 | 0 |
| | 2019-20 | 127360 | 274/21ലൈഫ് (ജനറൽ) | 127360 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 351421 | 274/21-ലൈഫ് ജനറൽ | 351421 | 0 |
| | | 328700 | 29/21-സ്കോളർഷിപ്പ് | 328700 | 0 |
| | 2020-21 | 320000 | 14/21-പാലിന് സബ്സീഡി | 320000 | 0 |
| | 2019-20 | 50240 | 259/21-പാലിന് സബ്സീഡി | 50240 | 0 |

(ബ്ലോക്ക് പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് വരവുകൾ വാർഷിക കണക്കുമായി പൊരുത്ത പ്പെട്ടുന്നില്ല)

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 സ്ഥിര നിക്ഷേപം

ഇല്ല.

### 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ലോൺ | KURDFC | 143000271 | 21235882 | 640000 | 1799882 | 0 | 20076000 |

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-2 | 2011-12 | 2-4 | പൊതു അവലോകനം-ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2009-10 | 3-1 | 2011-12 | 2-6 | പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല. | ---ടി---- |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-7 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും - കെട്ടിടങ്ങളുടെ സുരക്ഷിതത്വം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ടി |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് | - | 2011-12 | 3-3-13 | ശിശു ക്ഷേമ പദ്ധതികളും, അങ്കണവാടികളും-ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ | ടി |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 158703422 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120708868 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 77536 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). ഭാഗം-(1) ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 24599 | അസി.എൻജിനിയർ, ശ്രീ.രാജൻ.കെ.എ-18599<br>അസി.എൻജിനിയർ, ശ്രീതി.ആതിര.ആർ.കുമാർ -6000 |
| 1-38 | 36554 | അസി.എൻജിനിയർ, ശ്രീ.റഷീദ് .ഇ |
| 1-39 | 16383 | അസി.എൻജിനിയർ, ശ്രീതി.ആതിര.ആർ.കുമാർ |
| | 77536 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എൻജിനിയർ, ശ്രീമതി.ആതിര ആർ കുമാർ | ലഭ്യമല്ല | ശ്രീതി.ആതിര.ആർ.കുമാർ രുമത്തുരത്ത് (WEST)കലവൂർ, ആലപ്പുഴ |
| അസി.എൻജിനിയർ, ശ്രീ.രാജൻ.കെ.എ | റിട്ടയേർഡ് | രാജൻ കെ.എ,<br>പൂത്തൻ വീട് മാണിക്കശ്ശേരി,<br>കോങ്ങാട് 678631 |
| അസി.എൻജിനിയർ, ശ്രീ.റഷീദ് .ഇ | കുമരമ്പത്തൂർ ഗ്രാമപഞ്ചായത്ത് പാലക്കാട് | എലമ്പിലാവിൽ(H),<br>ഭീമനാട്, കോട്ടോപ്പാടം<br>പാലക്കാട് ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98<br>തിയതി 14-11-98 | 11 |
| 1997-98 | ടി | 28 |
| 1998-99 | എൽ.എഫ്.പി.5/9/98<br>തിയതി 14-11-98 | 9 |
| 1999-00 | എൽ.എഫ്.പി.11/1096/03<br>തിയതി 01-09-2004 | 12 |
| 2000-01 | എൽ.എഫ്.പി.11/543/05<br>തിയതി 14-02-2007 | 13 |
| 2001-02 | എൽ.എഫ്.പി.11/350/2006<br>തിയതി 30-01-2007 | 4 |
| 2002-03 | എൽ.എഫ്.പി.11/713/2008<br>തിയതി 02-06-2009 | 6 |
| 2003-04 | എൽ.എഫ്.പി.11/714/2008<br>തിയതി 02-06-09 | 5 |
| 2004-05 | എൽ.എഫ്.പി.11/715/2008<br>തിയതി 02-06-2009 | 29 |
| 2005-06 | എൽ.എഫ്.പി.11/716/2008<br>തിയതി 02-06-2009 | 4 |
| 2006-07 | എൽ.എഫ്.പി.11/717/2008<br>തിയതി 02-06-2009 | 7 |
| 2007-08 | എൽ.എഫ്.പി.20/137/2012<br>തിയതി 16-01-12 | Nil |
| 2008-09 | എൽ.എഫ്.പി.20/138/2012<br>തിയതി 16-01-12 | 1 |
| 2009-10 | എൽ.എഫ്.പി.20/1420/2013<br>തിയതി 08-04-14 | 4 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.പി.20/1421/2013 തിയതി 08-04-14 | 6 |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014 തിയതി 17.09-14 | 1 |
| 2012-13 | എൽ.എഫ്.പി.20/360/2015 തിയതി14-05-15 | 5 |
| 2013-14, 2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/ 956 /2016/13.07.2016 | 1 |
| 2015-16 | നം.കെ.എസ്.എ. പി.കെ.ഡി.9-2142/16 /2-2-2017 | 2 |
| 2016-17 | നം.കെ.എസ്.എ പി.കെ.ഡി9-1644/2017/2.11.2017 | 2 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി9/537 /2019/20.06.2019 | 9 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി9/1386 /2020/8.1.2021 | 8 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി9/1845 /2021/25.1.22 | 32 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക് സംക്ഷിപ്തം

| | | | |
|---|---|---|---|
| | Kottoppadam Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21156576.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 969.00 |
| 312000000 | Reserves | B-3 | 88818853.00 |
| | Total Reserve & Surplus | | 109976398.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7757602.00 |
| | Total Grants, Contributions for Specific Purposes | | 7757602.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 20076000.00 |
| | Total Loans | | 20076000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 343933.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1279832.00 |
| | Total Current Liabilities and Provisions | | 1623765.00 |
| | TOTAL LIABILITIES | | 139433765.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 115068080.00 |
| 411000000 | Accumulated Depreciation | B-11 | -36875021.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 78193059.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2473976.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 20076000.00 |
| 450000000 | Cash and Bank Balance | B-17 | 37994554.00 |

| | | | |
|---|---|---|---|
| | Kottoppadam Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 45985715.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1399030.00 |
| 140000000 | Fees & User Charges | RP-4 | 1116486.00 |
| 150000000 | Sale & Hire Charges | RP-5 | 585202.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 88150929.00 |
| 171000000 | Interest Earned | RP-9 | 652673.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12236341.00 |
| 340000000 | Deposits Received | RP-34 | 4926.00 |
| 350000000 | Other Liabilities | RP-36 | 1731967.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3372.00 |
| 330000000 | Secured Loans | RP-32 | 640000.00 |
| 340000000 | Deposits Received | RP-34 | 204967.00 |
| 350000000 | Other Liabilities | RP-36 | 265796.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4401766.00 |
| 460000000 | Loans, Advances and Deposits | RP-47 | 1324252.00 |
| | Grand total | | 158703422.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2616628.00 |
| 220000000 | Administrative Expenses | RP-12 | 1898608.00 |
| 230000000 | Operations & Maintenance | RP-13 | 5251331.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 12195857.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 31483977.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 7244663.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | RP-18 | 5622090.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 860188.00 |

| | | | |
|---|---|---|---|
| | Kottoppadam Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6708914.00 |
| 140000000 | Fee & User Charges | I-4(b) | 1289919.00 |
| 150000000 | Sale & Hire Charges | I-5(b) | 585202.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 188904143.00 |
| 171000000 | Interest Earned | I-8 | 652673.00 |
| 180000000 | Other Income | I-9 | 3372.00 |
| | Total Income | | 198144223.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8393577.00 |
| 220000000 | Administrative Expenses | I-11(b) | 1898608.00 |
| 230000000 | Operations & Maintenance | I-12(b) | 5997659.00 |
| 240000000 | Interest & Finance Charges | I-13 | 30335.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13298989.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65615185.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6264531.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 5622090.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 80427288.00 |
| 255000000 | Maintenance Projects | I-14(e) | 11900988.00 |
| 256000000 | Other Revenue Grants and Funds | I-15(a) | 220000.00 |

| | | | |
|---|---|---|---|
| | - Revenue Expenses | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 9578258.00 |
| | Total Expenditure | | 209252508.00 |
| | Gross Surplus/ Deficit of income over Expenditure | | -11108285.00 |
| 280000000 | Prior Period Item | I-18 | -2538.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -11105747.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |